# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: /1752/2022 കെ.എസ്.എ./കെ.എൻ.ആർ./സി.16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 17/03/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.16 /1752/2022 തീയ്യതി: 17/03/2023

## കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-06-2022 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 43 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാജിലൻ എം സി | ഡെപ്യൂട്ടി ഡയറക്ടർ | 07-12-2022 | 19-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-12-2022 | 19-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1ശ്രീമതി.സിന്ധു. ടി. പി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

2.ശ്രീമതി.നിഷ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

3.ശ്രീമതി.അന്ന അബ്രഹാം, ഓഡിറ്റർ (ഹ.ഗ്രേ)(12.12.22 മുതൽ)

4.ശ്രീ.പ്രമോദ്.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബാലകൃഷ്ണൻ .ടി .ടി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. രമ. എം. എം | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീജയ . ടി. പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. പ്രമോദ്. ഇ | കൃഷി ഓഫീസർ | 01-04-2021 | 28-09-2021 |
| ശ്രീമതി. ബുഷ്റ . ടി. ടി | കൃഷി ഓഫീസർ | 29-09-2021 | 31-03-2022 |
| ഡോ.ബിന്ദു പ്രശാന്ത് | വെറ്റിനറി സർജൻ | 01-04-2021 | 03-02-2022 |
| ഡോ.അനിറ്റ ആലീസ് ജോൺ | വെറ്റിനറി സർജൻ | 04-02-2022 | 31-03-2022 |
| ഡോ.ലേഖ. പി. കെ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീ രാജേഷ് ടി ആർ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീമതി.സുനന്ദ എം വി | വി ഇ ഒ ,കല്ല്യാശേരി സർക്കിൾ | 01-04-2021 | 05-07-2021 |
| ശ്രീമതി.ഗീത പി പി | വി ഇ ഒ ,കല്ല്യാശേരി സർക്കിൾ | 06-07-2021 | 31-03-2022 |
| ശ്രീമതി.ജീജ സി കെ | വി ഇ ഒ, ഇരിണാവ് സർക്കിൾ | 01-04-2021 | 05-07-2021 |
| ശ്രീമതി ഷിമ്ന പവിത്രൻ | വി ഇ ഒ, ഇരിണാവ് സർക്കിൾ | 06-07-2021 | 31-03-2022 |
| ശ്രീമതി.ശ്യാമള ചെല്ലട്ടൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 27-06-2021 |
| ശ്രീമതി.ഉദയകുമാരി വി വി | ഐ സി ഡി എസ് സൂപ്പർവൈസർ | 28-06-2021 | 24-11-2021 |
| ശ്രീമതി. ഉഷ എം വി | ഐ സി ഡി എസ് സൂപ്പർവൈസർ | 25-11-2021 | 31-03-2022 |
| ശ്രീ പ്രതാപ് കേശവൻ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രേണി വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ. ജോസ് ജയകുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ഡോ. ഭാവന രമേഷ് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-04-2021 | 31-03-2022 |
| ഡോ.രമ എസ്. | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2021 | 20-11-2021 |
| ഡോ. രശ്മിത കെ.എം. | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 21-11-2021 | 28-11-2021 |
| ഡോ. മുഹമ്മദ് മുസ്തഫ കെ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 29-11-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - തൊഴിൽ വിവരങ്ങൾ | 1-6-1 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | സാമൂഹ്യ സുരക്ഷാ പെൻഷൻ -കണക്കുകൾ പൂർണ്ണമല്ല | 1-7-1 |
| 11 | ക്യാഷ് പരിശോധന | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | ഗ്രാമസഭ | 1-10 |
| 14 | 60 ചതുരശ്ര മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ള വീടുകളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല | 1-11 |
| 15 | തൊഴിൽ നികുതി-അപാകങ്ങൾ. | 1-12 |
| 16 | എഫ്.ടി.ഇ ആന്റ് ഒ.എസ് ലൈസൻസ്-അപാകങ്ങൾ. | 1-13 |
| 17 | വസ്തു നികുതി ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല. | 1-14 |
| 18 | സർക്കാർ നിർദ്ദേശം വരുന്നതിന് മുമ്പ് ആർജിതാവധി സറണ്ടർ അനുവദിച്ചു | 1-15 |
| 19 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-16 |
| 20 | മഴക്കാല പൂർവശുചീകരണം - ചെലവ് രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. ₹270000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-17 |
| 21 | ഹരിതകർമ്മസേന യൂസർഫീ പിരിക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-18 |
| 22 | മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല | 1-19 |
| 23 | അങ്കണവാടി ന്യൂട്രിമിക്സ് - ജി എസ് ടി ടിഡി എസ് ഈടാക്കിയിട്ടില്ല | 1-20 |
| 24 | ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അനുവദനീയമായതിലും അധികം തുക അനുവദിച്ചു | 1-21 |

| | | |
|---|---|---|
| 25 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്കെടുക്കൽ-അപാകങ്ങൾ | 1-22 |
| 26 | പഞ്ചായത്ത് നഴ്സറി-പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കേണ്ടതാണ് | 1-23 |
| 27 | ആയുർവ്വേദ ആശുപത്രിക്ക് ഉപകരണങ്ങളും, ഫർണ്ണിച്ചറും വാങ്ങൽ - നിർവ്വഹണത്തിലെ അപാകങ്ങൾ- ₹400000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 28 | പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-25 |
| 29 | സമഗ്ര വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പഠനകിറ്റ് വിതരണം-മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനങ്ങൾ വിദ്യാർഥികൾക്ക് വാങ്ങി നൽകി.-₹3,74,575-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-26 |
| 30 | സുഭിക്ഷ കേരളം - വീട്ടുവളപ്പിൽ മത്സ്യകൃഷി- പടുതാകുളം-അധികം നൽകിയ ₹5457-യുടെ ചെലവ് അംഗീകരിക്കുന്നില്ല | 1-27 |
| 31 | മരുന്ന്,ലാബ് റീഏജന്റ് എന്നിവ വാങ്ങൽ-മുഴുവൻ മരുന്നുകളും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-28 |
| 32 | ജീവിത ശൈലി രോഗ നിർണ്ണയം വനിത.₹40000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| 33 | പാലിയേറ്റീവ് കെയർ -പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ. | 1-30 |
| 34 | മെഡിക്കൽ ക്യാമ്പ് -പദ്ധതി നിർവ്വഹണത്തിന് ചെലവഴിച്ച -₹220500-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-31 |
| 35 | അങ്കണവാടി സ്കൂൾ കുട്ടികളുടെ ആരോഗ്യ പരിശോധന.₹40000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-32 |
| 36 | കല്ല്യാശ്ശേരി എഫ്.എച്ച്.സിക്ക് കമ്പ്യൂട്ടർ വാങ്ങൽ-₹4181-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-33 |
| 37 | ഇരിണാവ് വയോജന വ്യായാമ കേന്ദ്രം നിർമ്മാണം-പൊളിച്ചു മാറ്റിയ സാധനങ്ങൾ വില്പന നടത്താത്തതും മറ്റ് അപാകങ്ങളും | 1-34 |
| 38 | സി എച്ച് സി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ-അപാകങ്ങൾ | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | സുഭിക്ഷ കേരളം - വീട്ടുവളപ്പിൽ മത്സ്യകൃഷി- പടുതാകുളം-അധികം നൽകിയ ₹5457-യുടെ ചെലവ് അംഗീകരിക്കുന്നില്ല | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| 2 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരങ്ങൾ | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

കല്ല്യാശേരി ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 19.02.21 തീയതിയിലെ 40(1)/2021 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | |
|---|---|
| മുന്നിരിപ്പ് | 8945620.57 |
| വരവ് | 15,91,31,159 |
| ആകെ | 16,80,76,779.57 |
| ചെലവ് | 16,24,29,971 |
| നീക്കിയിരിപ്പ് | 56,46,808.57 |

18.02.21 തീയതിയിൽ അവതരിപ്പിച്ച ബജറ്റ് , ബജറ്റ് അവതരണയോഗത്തിൽ നിർദ്ദേശിച്ച ഭേദഗതികളോടെ അടുത്ത ദിവസത്തെ യോഗത്തിൽ അംഗീകരിച്ചു. ബജറ്റ് ചർച്ചകൾ മിനുട്സ് ചെയ്യപ്പെട്ടിട്ടില്ല. ജന്റർ ബജറ്റും പർഫോമൻസ് ബജറ്റും തയ്യാറാക്കിയിട്ടില്ല.

ഘടകസ്ഥാപനങ്ങളുടെ നോൺപ്ലാൻ ഹെഡിനത്തിലുള്ള ബജറ്റ് നിർദ്ദേശങ്ങൾ സ്വീകരിച്ച് ക്രോഡീകരിച്ചതായി മിനുട്സ് ചെയ്യപ്പെട്ടിട്ടില്ല. ബജറ്റ് ഫയൽ കൃത്യമായി സൂക്ഷിക്കേണ്ടതും ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് നിശ്ചിത സമയപരിധിക്കകം വിവിധ നടപടിക്രമങ്ങളിലൂടെ കടന്നു പോകാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 11.11.22 | തിരിച്ചയച്ചിട്ടില്ല |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.06.22 തീയതിയിലെ 52(2)/22 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച വാർഷിക ധനകാര്യ പത്രിക 11.11.22 തീയതിയിൽ മാത്രമാണ് ഓഡിറ്റ് കാര്യാലയത്തിൽ സമർപ്പിച്ചത്. എയിംസിൽ 27.07.22 തീയതിയിൽ സമർപ്പിച്ചിട്ടുണ്ട്. സമയപരിധിക്കകം ധനകാര്യ പത്രിക സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

1.ദുരിതാശ്വാസ നിധി- ബി 2 ഷെഡ്യൂളിലെ തുക 1334 രൂപയും ബി 17 പ്രകാരമുള്ള തുക 1411രൂപയുമാണ് . 77രൂപയുടെ വ്യത്യാസം വന്നിട്ടുണ്ട്.

2.ബി 3 ഷെഡ്യൂളിൽ (Reserves) പ്രോജക്ട് നമ്പർ 25/22 ൽ നേരിട്ട് ചെലവഴിക്കപ്പെട്ട ഉണഭോക്തൃവിഹിതമായ 11,22,000രൂപ ഉൾപ്പെടുത്തിയത് ശരിയല്ല. ഹെഡ് മാറി പോസ്റ്റ് ചെയ്തതാണെന്നും 2022-23 ൽ ശരിയാക്കിയിട്ടുണ്ടെന്നുമാണ് മറുപടി നല്കിയത്.

3.ബി 4 ഷെഡ്യൂൾ രേഖപ്പെടുത്തിയ ഗ്രാന്റിനങ്ങളിൽ ജില്ലാ പഞ്ചായത്ത് വിഹിതം-ക്യാപ്പിറ്റൽ ഇനത്തിൽ നീക്കിയിരിപ്പായി 1048939രൂപ ചേർത്തിട്ടുണ്ട്. (വയോജന വ്യായാമ കേന്ദ്രം നിർമ്മാണത്തിനായി മുൻവർഷങ്ങളിൽ ലഭിച്ചത് 2490000രൂപയും ,2020-21 ൽ വിനിയോഗിച്ചത് 1500000രൂപയുമാണ്. നീക്കിയിരിപ്പ് 990000രൂപ. ചുഴലി ഭഗവതി ക്ഷേത്രം റോഡ് നിർമ്മാണ പ്രവൃത്തിക്കായി ലഭിച്ചതിൽ ബാക്കി വന്ന തുക 58939രൂപ. (990000+58939=1048939രൂപ) . 990000രൂപയിൽ 702045രൂപ വയോജന വ്യായാമ കേന്ദ്രം നിർമ്മാണത്തിനായി 2021-22 വർഷം ചെലവഴിച്ചതാണെങ്കിലും അത്രയും തുക നീക്കിയിരിപ്പിൽ കുറവു ചെയ്തിട്ടില്ല എന്നും പ്രസ്തുത ഹെഡിൽ ബാക്കി വരുന്ന തുക (298953രൂ) ഉപയോഗിച്ച് തുടർ പദ്ധതികൾ നടത്തുന്നതാണെന്നും ചുഴലി ഭഗവതി ക്ഷേത്രം റോഡ് നിർമ്മാണ പ്രവൃത്തിക്കായി ലഭിച്ചതിൽ ബാക്കി വരുന്ന 58939രൂപ തിരിച്ചടക്കുന്നതാണെന്നും മറുപടി നല്കിയിട്ടുണ്ട്. രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

4.ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിവിധ വർഷങ്ങളിലായി ലഭിച്ച തുകയിൽ നീക്കിയിരിപ്പുള്ള തുക ( ബി 4 ഷെഡ്യൂൾ) യുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം- കാപ്പിറ്റൽ | 10,00,000 | ഗ്യാസ് ക്രമറ്റോറിയം നിർമ്മാണത്തിനായി 2012-13 സാമ്പത്തിക | 2012-13 മുതൽ ആർജ്ജിച്ച പലിശ സഹിതം സഞ്ചിത |

| | | | |
|---|---|---|---|
| | | വർഷം ലഭിച്ച തുക. കിഫ്ബി ഫണ്ട് അനുവദിച്ചുള്ള പ്രോജക്ടിന് അംഗീകാരം ലഭിക്കുന്ന മുറക്ക് തുക തിരിച്ചടക്കുന്നതാണെന്ന്അറിയിച്ചു. | നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്. |
| ജില്ലാ പഞ്ചായത്ത് വിഹിതം-കാപ്പിറ്റൽ | 10,48,939 | ക്രമനമ്പർ 3 ൽ വിശദാംശങ്ങൾ പരാമർശിച്ചിട്ടുണ്ട് | |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം-റവന്യൂ | 16,00,018 | തുക 2021-22 സാമ്പത്തിക വർഷം ചെലവഴിച്ചതാണെങ്കിലും നീക്കിയിരിപ്പിൽ കുറവു ചെയ്യാൻ വിട്ടു പോയതാണെന്ന് അറിയിച്ചു | ലൈഫ് മിഷൻ ചെലവ് 1600000രൂപയാണ്. (പ്രോജക്ട് നമ്പർ 236/22) 18 രൂപയുടെ വ്യത്യാസം വിശദമാക്കിയിട്ടില്ല. |
| ജില്ലാ പഞ്ചായത്ത് വിഹിതം-റവന്യൂ | 11,018 | തുക തിരിച്ചടക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. | പാലിന് സബ്സിഡി , സ്കോളർഷിപ്പ് എന്നീ ഇനങ്ങളിൽ ബാക്കിയായ തുക. തുക തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്. |
| ബ്ലോക്ക്പഞ്ചായത്തിൽ നിന്നുള്ള പ്രത്യേകോദ്ദേശ്യ വിഹിതം | 12000 | തുക പൈക്ക സ്പോർട്സ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് സമ്മാനമായി ലഭിച്ചതാണെന്നും ഹെഡ് മാറി പോസ്റ്റ് ചെയ്തതാണെന്നും അറിയിച്ചു. | അപാകങ്ങൾ പരിഹരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്. |

5.ബി 9 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ താഴെ പറയുന്ന ഇനങ്ങളിലുള്ള തുക ഒടുക്കുന്നതിൽ കാലതാമസം വരുത്തിയിട്ടുണ്ട്.

| ഇനം | തുക | റിമാർക്സ് |
|---|---|---|
| Recoveries Payable -Other Recoveries From Employees | 51923 | തുക നാളിതു വരെ ഒടുക്കു വരുത്തിയിട്ടില്ല. |
| Recoveries Payable - Covid | 3500 | തുക നാളിതു വരെ ഒടുക്കു വരുത്തിയിട്ടില്ല. |
| Recoveries Payable-income Tax Deducted At Source | 2680 | 08.06.22ന് തുക ഒടുക്കിയിട്ടുണ്ടെന്ന് അറിയിച്ചു. കാലതാമസം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. |
| Recoveries Payable-other Deductions | 14350 | തുക നാളിതു വരെ ഒടുക്കു വരുത്തിയിട്ടില്ല. |

Liability In Respect Of Stale Cheque- വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

6.നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് വിട്ടു നല്കിയ ഭൂമി, കെട്ടിടങ്ങൾ , റോഡ് , മറ്റ് ആസ്തികൾ ഇവ

ആസ്തിമൂല്യത്തിൽ നിന്ന് ഒഴിവാക്കിയിട്ടില്ല.

7.ബി 12 ഷെഡ്യൂൾ- സ്ഥിരനിക്ഷേപം- 1,50,00,000രൂപയാണ് ഈയിനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.എന്നാൽ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, എഫ് ഡി റസീറ്റുകൾ എന്നിവ പ്രകാരം 21.08.19 ന് നിക്ഷേപിച്ച 50 ലക്ഷം രൂപയുടെ 21.08.2020 വരെയുള്ള പലിശ അക്കൗണ്ടിലേക്ക് മാറ്റുകയും അതിനു ശേഷം പലിശ സഹിതം പുതുക്കുകയുമാണ് ചെയ്തിട്ടുള്ളത്. 21.08.21 ലെ പ്രസ്തുത സ്ഥിര നിക്ഷേപ മൂല്യം 53,62,500രൂപയാണ്. (21.08.2020 ന് 7% പലിശ നിരക്കിൽ പുതുക്കിയത്) .

17/2/22 ലെ 50ലക്ഷം രൂപ വീതമുള്ള രണ്ട് സ്ഥിരനിക്ഷേപങ്ങളും ഉൾപ്പെടെ 31.03.22 ലെ ആകെ നിക്ഷേപം 1,53,62,500രൂപയാണ്.

8. ബി 18 ഷെഡ്യൂളിലെ രേഖപ്പെടുത്തലുകളുടെ കൃത്യത പരിശോധിക്കുന്നതിന് മുൻകൂർ രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

മുൻവർഷം ക്രമീകരിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയ കെ എസ് ഇ ബി , വാട്ടർ അതോറിറ്റി തുടങ്ങിയ ഏജൻസികൾക്ക് നല്കിയ തുകയും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂറായി നല്കിയ തുകയും അഡ്വാൻസ് ടു അദേഴ്സ് എന്ന ഹെഡിൽ ചേർത്ത തുകയും നാളിതുവരെയും ക്രമീകരിച്ചിട്ടില്ല. കരാർ പ്രകാരമുള്ള സമയപരിധിക്കകം പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും ക്രമീകരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാകുന്ന മുറക്ക് പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

9.എം ജി എൻ ആർ ഇ ജി എസ് ഇനത്തിൽ ക്രമീകരിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയ 696780രൂപ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

10.സാമൂഹ്യസുരക്ഷാ പെൻഷൻ - വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ തുക സേവന എക്സ് പെന്റിച്ചർ സ്റ്റേറ്റ്മെന്റിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. (2021-22 സാമ്പത്തിക വർഷം അതേ സാമ്പത്തിക വർഷത്തെ പെൻഷൻ വിതരണത്തിനായി ചെലവഴിച്ച തുക + 2020-21 ലെ പെൻഷൻ വിതരണത്തിനായി 2021-22 സാമ്പത്തിക വർഷം ചെലവഴിച്ച തുക ആണ് ഇവിടെ ചേർക്കേണ്ടത്.).വിശദ വിവരങ്ങൾ ഖണ്ഡിക 1-7 ൽ പരാമർശിച്ചിട്ടുണ്ട്.

11.തൊഴിലില്ലായ്മ വേതനമിനത്തിലുള്ള 720രൂപ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
12.ട്രയൽ ബാലൻസിലെ മുന്നിരിപ്പ് തുകയിൽ ഒരേ ഇനത്തിനു തന്നെ Dr Balance ഉം Cr Balance ഉം ചേർത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 2020-21 ലെ നീക്കിയിരിപ്പിൽ നിന്ന് വ്യത്യസ്തമായ തുക മുന്നിരിപ്പായി ചേർത്ത കേസുകളും ഉണ്ട്.ആയത് സോഫ്റ്റ് വെയർ അപാകമാണെന്നും ഐ കെ എം ന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടെന്നുമാണ് മറുപടി നല്കിയത്.

13.അധികച്ചെലവ് ക്രമീകരിച്ചത് എന്ന രേഖപ്പെടുത്തി പ്രയർ പിരിയഡ് ചെലവിൽ കുറവ് ചെയ്ത301835രൂപ ഏതിനത്തിലുള്ളതാണെന്ന് വ്യക്തമല്ല.

14.ഇരിണാവ് ജിമ്നേഷ്യത്തിനായി ചെലവഴിച്ച 1143919രൂപ Child Welfare -Maintenance Of Buds School എന്ന ഹെഡിൽ ഉൾപ്പെടുത്തിയത് സോഫ്റ്റ് വെയർ തകരാറ് മൂലമാണെന്നാണ് അറിയിച്ചത്. പ്രസ്തുത തുക ആസ്തി മൂല്യത്തിൽ ഉൾപ്പെടുത്താതിരുന്നതും അപാകമാണ്.

15.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി – ഫിബ്രവരി മാസത്തെ ശമ്പള വിതരണത്തിനായി തനത് ഫണ്ടിൽ നിന്നും അനുവദിച്ച 81040രൂപയും ടോണർ റീഫില്ലിംഗിനായി തനത് ഫണ്ടിൽ നിന്നും അനുവദിച്ച 500രൂപയും അഡ്വാൻസിനത്തിൽ കാണിക്കാതെ വരവ് ചെലവുകളിൽ ഉൾപ്പെടുത്തിയത് അപാകമാണ്. 2020-21 സാമ്പത്തിക വർഷം ഗ്രാന്റിനത്തിൽ ലഭിച്ച തുകയിൽ 2021-22 സാമ്പത്തിക വർഷം തനത് ഫണ്ടിലേക്ക് ക്രമീകരിച്ച 378548രൂപ(അഡ്വാൻസ് ക്രമീകരിച്ചത്) ഐ 6 ഷഡ്യൂളിൽ വരവിലാണ് ഉൾപ്പെടുത്തിയത്. ആയത് മുൻവർഷത്തെ വരവിൽ ഉൾപ്പെടുന്നതിനാൽ വീണ്ടും വരവിലെടുത്തത് ശരിയല്ല. ജി ഐ എസ് സർവ്വേ നടത്തുന്നതിനായി ലഭിച്ച 30000രൂപയും പലിശയിനത്തിലുള്ള 72 രൂപയും ബി 4 നീക്കിയിരിപ്പിൽ ഉൾപ്പെടുന്നില്ല.

16.ഐ 14 ഷെഡ്യൂളിൽ 250140804 ഹെഡ് കോഡിൽ Service Enterprises – Bunk എന്ന ഹെഡിൽ രേഖപ്പെടുത്തിയ ചെലവ് 214000രൂപ വിശപ്പ് രഹിത കേരളം ജനകീയ ഹോട്ടൽ ഇനത്തിലുള്ളതാണെന്നാണ് ലെഡ്ജറിൽ രേഖപ്പെടുത്തിയത്. ആയതും സോഫ്റ്റ് വെയർ അപാകമാണെന്നാണ് വിശദീകരിച്ചത്. ഏത് രീതിയിലാണ് അപാകം വന്നതെന്ന് വ്യക്തമാക്കിയിട്ടില്ല.
17.കണക്കുകൾ പൂർണ്ണരൂപത്തിൽ ഉൾപ്പെടുത്താത്തതും അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കാത്തതും അപാകങ്ങളാണ്.
(ഓഡിറ്റ് അന്വേഷണം നമ്പർ 23/15.12.22-ന് നൽകിയ മറുപടി കൂടി പരഗണിച്ച് തയ്യാറാക്കിയത്.)

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,38,11,253.11 |
| വരവ് | 10,78,62,232 |
| ആകെ | 12,16,73,485.11 |
| ചെലവ് | 10,00,82,773 |
| നീക്കിയിരിപ്പ് | 2,15,90,712.11 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം-ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹5,457 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | ₹13,49,256 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 1,83,79,061 | 1,83,79,061 | 1,80,69,470 | 3,09,591 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 32,29,321 | 32,29,321 | 30,77,000 | 1,52,321 |
| മെയിന്റനൻസ്, റോഡ് | 0 | 92,74,000 | 92,74,000 | 51,30,543 | 41,43,457 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 58,38,489 | 58,38,489 | 40,46,224 | 17,92,265 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് ബേസിക്ക് | 0 | 47,85,568 | 47,85,568 | 37,13,503 | 10,72,065 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് ഫണ്ട് | 0 | 82,99,184+ 61,478 (പലിശ) | 82,99,184+61,478 (പലിശ) | 34,10,872 | 48,88,312 +61,478 (പലിശ) |
| സാക്ഷരത | 1,03,004 | 42 | 1,03,046 | 0 | 1,03,046 |
| ശുചിത്വമിഷൻ ഗ്രാന്റ് | 22,74,552 | 5,43,000 | 28,17,552 | 26,91,450 | 1,26,102 |
| ആയുർവേദ -കാപ്പിറ്റൽ | 27,919 | 0 | 27,919 | 0 | 27,919 |
| ഗ്രാന്റ് ഫോർ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | 1,11,975 | 0 | 1,11,975 | 0 | 1,11,975 |
| എം എൽ എ ഫണ്ട് | 1,105 | 0 | 1,105 | 0 | 1,105 |
| മറ്റ് സർക്കാർ ഏജൻസികളിൽ | 11,23,439 | 45,784 | 11,69,223 | 1,11,630 | 10,57,593 |

| | | | | | |
|---|---|---|---|---|---|
| നിന്നുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ | | | | | |
| ടി എസ് സി | 13,16,261 | 0 | 13,16,261 | 0 | 13,16,261 |
| ഐ സി ഡി എസ്- കേന്ദ്രവിഹിതം | 2,24,807 | 11,81,597 | 14,06,404 | 9,45,587 | 4,60,817 |
| വെൽഫെയർ ബോഡികൾ- ക്യാപ്പിറ്റൽ | 5,46,197 | 0 | 5,46,197 | 2,12,193 | 3,34,004 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 187 | 9,25,68,511 | 150 | 6,27,70,172 | 36 | 37 | 114 | 61 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 37,66,160 | 37,59,754 | 99.8 |
| വെറ്റിനറി സർജൻ | 5 | 5 | 22,00,000 | 22,00,000 | 100 |
| മെഡിക്കൽ ഓഫീസർ- പിഎച്ച്സി | 13 | 13 | 38,62,000 | 33,48,498 | 87 |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | 1 | 1 | 4,00,000 | 4,00,000 | 100 |
| മെഡിക്കൽ ഓഫീസർ- ആയുർവേദ | 5 | 4 | 20,87,000 | 19,81,500 | 95 |
| വി ഇ ഒ കല്ല്യാശേരി | 10 | 6 | 58,30,032 | 43,08,577 | 74 |
| വി ഇ ഒ, ഇരിണാവ് | 8 | 8 | 1,62,35,286 | 1,13,35,463 | 70 |
| ഐസിഡിഎസ് സൂപ്പർവൈസർ | 5 | 5 | 57,71,769 | 56,39,576 | 98 |
| സെക്രട്ടറി | 24 | 21 | 51,63,461 | 33,11,940 | 64 |
| അസിസ്റ്റന്റ് | 96 | 68 | 4,07,06,692 | 2,26,57,312 | 56 |

| | | | | | |
|---|---|---|---|---|---|
| എഞ്ചിനീയർ | | | | | |
| ഹെഡ്മാസ്റ്റർ | 6 | 5 | 20,46,776 | 19,66,073 | 96 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 6 | 12,17,884 | 10,63,340 | 87 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 7,20,000 | 6,75,000 | 94 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 2,56,451 | 1,23,139 | 4.8 |
| ആകെ | 187 | 150 | 9,25,68,511 | 6,27,70,172 | 68 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3,88,676 | 4,72,862 | 8,61,538 | 8,43,804 | 17734 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,68,39,717 | 1,68,39,717 | 1,68,39,717 | 0 |
| ആകെ | 3,88,676 | 1,73,12,579 | 1,77,01,255 | 1,76,83,521 | 17,734 |

## 1-6-1 മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - തൊഴിൽ വിവരങ്ങൾ

ഗ്രാമ പഞ്ചായത്തിൽ നാളിതു വരെയായി 3447 തൊഴിൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. 2021-22 വർഷം 313 തൊഴിൽ കാർഡുകൾ അനുവദിച്ചിട്ടുണ്ട്. അതിൽ പൊതു വിഭാഗത്തിൽപ്പെട്ട 200 കുടുംബങ്ങൾക്കും പട്ടികജാതിവിഭാഗത്തിൽപ്പെട്ട 15 കുടുംബങ്ങൾക്കും ഉൾപ്പെടെ 215 കുടുംബങ്ങൾക്ക് മാത്രമാണ് 100 ദിവസം തൊഴിൽ നൽകാൻ സാധിച്ചത്. 2021-22 വർഷത്തെ ആക്ഷൻ പ്ലാൻ പ്രകാരം 358 പ്രവൃത്തികൾ ചെയ്യാൻ അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും 158 പ്രവൃത്തികൾ മാത്രമാണ് ഏറ്റെടുത്തത്. അതിൽ 97 പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിച്ചത്. സോക്ക് പിറ്റ് നിർമ്മാണം, തോട് സംരക്ഷണം, ആട്ടിൻകൂട് , കോഴിക്കൂട് നിർമ്മാണം, തൊഴുത്ത് നിർമ്മാണം, ലൈഫ് ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എന്നിവയാണ് പ്രധാനമായും ചെയ്തിട്ടുള്ളത്. പ്രവൃത്തി തുടങ്ങി ഏകദേശം ഒരു വർഷത്തോളമെടുത്താണ് പ്രവൃത്തി പൂർത്തിയാക്കിയത്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക-ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ കണക്കുകൾ | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയത് |
|---|---|---|---|
| തൊഴിൽരഹിത വേതനം | 720 | 1 | ചേർത്തിട്ടില്ല |
| കർഷകതൊഴിലാളി പെൻഷൻ | 71,17,500 | 389 | 86,97,300 |
| വിധവാപെൻഷൻ | 1,66,95,700 | 896 | 2,02,53,800 |
| വാർദ്ധക്യകാലപെൻഷൻ | 4,03,56,000 | 2306 | 4,94,31,800 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 43,68,100 | 234 | 53,30,900 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 28,13,200 | 156 | 34,09,200 |

വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ തുകയും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മറ്റ് അപാകങ്ങൾ 1-7-1 ൽ പരാമർശിച്ചിട്ടുണ്ട്.

## 1-7-1 സാമൂഹ്യ സുരക്ഷാ പെൻഷൻ -കണക്കുകൾ പൂർണ്ണമല്ല

*2020-21* സാമ്പത്തിക വർഷത്തെ പെൻഷൻ വിതരണത്തിനായി *2021-22* സാമ്പത്തിക വർഷം ചെലവഴിച്ച തുക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പെൻഷൻ തരം | 2020-21 ലെ പെൻഷൻ വിതരണം | | | 2020-21 ലെ പെൻഷൻ 2021-22 ൽ വിതരണം ചെയ്തത് |
|---|---|---|---|---|
| | As On 31.03.2021 | As On 31.03.22 | വ്യത്യാസം | |
| കർഷകതൊഴിലാളി പെൻഷൻ | 7302600 | 10693600 | 3391000 | 3391000 |
| വാർദ്ധക്യകാലപെൻഷൻ | 38175400 | 56249100 | 18073700 | 18073700 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 4186800 | 6182100 | 1995300 | 1995300 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2673400 | 3943900 | 1270500 | 1270500 |
| വിധവാപെൻഷൻ | 15960300 | 23443000 | 7482700 | 7482700 |

അപാകം പരിഹരിക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷത്തെ ആവറേജ് പെൻഷൻ തുക 1600 രൂപയിൽ കൂടുതൽ വരുന്നതും അപാകമാണ്.

| പെൻഷൻ | ട്രാൻസാക്ഷൻ കൗണ്ട് | തുക (2020-21)(as On 31.3.22) | ആവറേജ |
|---|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 5371 | 10693600 | 1991 |
| വാർദ്ധക്യകാല പെൻഷൻ | 28907 | 56249100 | 1946 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 3055 | 6182100 | 2024 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകളക്കുള്ള പെൻഷൻ | 2039 | 3943900 | 1934 |
| വിധവാ പെൻഷൻ | 11555 | 23443000 | 2029 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.12.22 തീയതിയിൽ ഉച്ചയ്ക്ക് 12 മണിക്ക് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1667രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകൾ മുഖേന സെക്ഷൻ ചുമതലകൾ കൃത്യമായി നിർവ്വചിച്ച് നല്കിയിട്ടുണ്ട്. സ്റ്റാഫ് മീറ്റിംഗുകൾ ചേർന്ന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകളിൽ പദ്ധതി മോണിറ്ററിംഗ് നടത്താത്തതും ആസ്തികൾ നിശ്ചിത ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിന് യഥാസമയം തുടർ നടപടികൾ സ്വീകരിക്കാത്തതും അപാകങ്ങളാണ്. ഉദാഹരണമായി ജൈവവള നിർമ്മാണ യൂനിറ്റ്, വനിതാ സ്വയം തൊഴിൽ സംരംഭ യൂനിറ്റുകൾ . 2020-21 സാമ്പത്തിക വർഷം പൂർത്തിയാക്കിയ ജൈവവള നിർമ്മാണ യൂനിറ്റ് പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി ആസൂത്രണ വേളയിൽ തന്നെ നടത്തിപ്പ് സംബന്ധിച്ച ആസൂത്രണവും നടത്താതിരിക്കുന്നത് പോരായ്മയാണ്. ഗ്രാമപഞ്ചായത്ത് നഴ്സറി നടത്തിപ്പ് മാർഗ്ഗരേഖയും തയ്യാറാക്കിയിട്ടില്ല.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഭൂവികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഭൂമിയുടെ സർവ്വേ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി അളവുകൾ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. സിറ്റിസൻ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിക്കുന്നതിനായി കൃത്യമായ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്.

തനതു ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു മുമ്പായി അനിവാര്യ ചുമതലകളും മറ്റ് ചെലവുകളും നടത്തുന്നതിനാവശ്യമായ തുകയും ഋണശീർഷക്കണക്കുകളും മാറ്റി നിർത്തി കൃത്യമായ റവന്യൂ മിച്ചം കണക്കാക്കേണ്ടതാണ് . ഓഡിറ്റ് വർഷം റവന്യൂ മിച്ചം കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

## 1-10 ഗ്രാമസഭ

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ 1/22,2/22 മാസങ്ങളിലായി രണ്ടു തവണ വീതമാണ് ഗ്രാമസഭകൾ സമ്മേളിച്ചിട്ടുള്ളത്.

ഫിബ്രവരി മാസം ചേർന്ന ഗ്രാമസഭ അതിദരിദ്രരെ കണ്ടെത്തൽ പ്രക്രിയയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളെ അംഗീകരിക്കുന്നതിനു വേണ്ടിയുള്ളതായിരുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി 2022-23 വാർഷിക പദ്ധതി, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഉപപദ്ധതി രൂപീകരണം, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2022-23 ആക്ഷൻ പ്ലാൻ , ലേബർ ബജറ്റ്, അംഗീകരിക്കൽ, 2021-22 സാമ്പത്തിക വർഷത്തെ ഗുണഭോക്തൃപട്ടികകളുടെ സാധൂകരണം, 2020-21 ലെ വരവു ചെലവ് അംഗീകരിക്കൽ, ശുചിത്വം - ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഡിസ്പോസിബിൾ വസ്തുക്കളുടെ നിരോധനം സംബന്ധിച്ച വിഷയങ്ങൾ എന്നിവയാണ് ജനവരി മാസം നടന്ന ഗ്രാമസഭകളിലെ അജണ്ടകൾ.

ഗ്രാമസഭാ മിനുട്സുകളിൽ അതാത് ഗ്രാമസഭകളിൽ പങ്കെടുത്ത 15 പേരെങ്കിലും മിനുട്സ് സാക്ഷ്യപ്പെടുത്തിയിരിക്കണം എന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 60 ചതുരശ്ര മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ള വീടുകളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല

സ.ഉ(എം.എസ്.)നം.358/2015/ത.സ്വ.ഭ.വ. തി:16.12.15 പ്രകാരം 60 ച.മീ. വരെ വിസ്തീർണ്ണമുള്ള വീടുകളെ മാത്രമാണ് വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നത്. സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെക്കൊടുത്തിരിക്കുന്ന പാർപ്പിടാവശ്യം/വീട് എന്ന ഉപയോഗക്രമത്തിൽപ്പെടുത്തിയ കെട്ടിടങ്ങൾ 60 ച.മീ. നു മുകളിൽ വിസ്തീർണ്ണമുള്ളവയാണെങ്കിലും 2013 വർഷം മുതൽ വസ്തു നികതി ഡിമാൻഡ് ചെയ്തില്ല. വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കാനുള്ള കാരണം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | കെട്ടിട ഉടമസ്ഥന്റെ പേര് | വാർഡ് നം. | കെട്ടിട നം. | പ്ലിൻത് ഏരിയ(ച.മീ.) | ഉപയോഗക്രമം |
|---|---|---|---|---|---|
| 1 | മണിയമ്പാറ മാധവി | 16(PAYYATTAM) | 550 | 63 | വീട് |
| 2 | അരിങ്ങളയൻ അലക്സാണ്ടർ | 5(PARAKKADAVU) | 166 | 66.93 | വീട് |
| 3 | ഒതയോത്ത് പട്ടേരി പ്രഭാകരൻ | 5(PARAKKADAVU) | 262 | 72 | വീട് |

| | | | | | |
|---|---|---|---|---|---|
| 4 | കൊമ്പൻ നന്ദിനി | 6(ANCHAMPEEDIKA) | 423 | 72 | വീട് |
| 5 | കളമുള്ള പറമ്പിൽ ഉണ്ണി | 8(KELTRON NAGAR) | 66 | 72 | വീട് |
| 6 | മഞ്ഞോരകത്ത് റംല 2. ജമീല | 6(ANCHAMPEEDIKA) | 15A | 73.95 | വീട് |
| 7 | മൊത്തങ്ങ കുഞ്ഞിരാമൻ | 16(PAYYATTAM) | 392 | 75 | വീട് |
| 8 | പി വി രാധ | 13(KOLATHU VAYAL) | 493 | 79.46 | വീട് |
| 9 | വേലിക്കാത്ത് മാധവി | 12(KALLIASSERI WEST) | 222 | 80 | വീട് |
| 10 | കോയിത്തട്ട ശ്രീധരൻ, 2. അച്ചൻ വീട്ടിൽ ഓമന | 4(KALLIASSERI CENTRAL) | 71 | 84.82 | വീട് |
| 11 | കിരണ്ടംകര കുഞ്ഞപ്പ നായർ | 4(KALLIASSERI CENTRAL) | 669 | 85.5 | വീട് |
| 12 | 1.ആയിഷ പി കെ 2 .അൻസാർ പി പി | 16(PAYYATTAM) | 573 | 88 | വീട് |
| 13 | എലിയൻ കുഞ്ഞിരാമൻ | 4(KALLIASSERI CENTRAL) | 507 | 90.14 | വീട് |
| 14 | നെല്ലിവളപ്പിൽ രാമകൃഷ്ണൻ | 5(PARAKKADAVU) | 629 | 95 | വീട് |
| 15 | പുതിയ പുരയിൽ ശാരദ | 2(K.KANNAPURAM) | 227 | 105 | വീട് |
| 16 | ശ്രീ. ഇടച്ചേരിയൻ ബാബു | 14(KOLATHU VAYAL WEST) | 350 | 106 | വീട് |
| 17 | പുളിയാങ്കോടൻ കുഞ്ഞിരാമൻ | 4(KALLIASSERI CENTRAL) | 519 | 116.39 | വീട് |
| 18 | പെനാച്ചേരി ബാലൻ | 4(KALLIASSERI CENTRAL) | 636E | 121.8 | വീട് |
| 19 | കൊയ്യാലൻ ശാന്ത | 4(KALLIASSERI CENTRAL) | 0 | 123.77 | വീട് |
| 20 | എരുമ്മൽ കല്യാണി | 6(ANCHAMPEEDIKA) | 351 | 125 | വീട് |
| 21 | കപ്പള്ളി സാവിത്രി | 5(PARAKKADAVU) | 178A | 130 | വീട് |
| 22 | ചാലങ്ങോടൻ എടക്കാടൻ ശ്യാമള | 5(PARAKKADAVU) | 202C | 142.13 | വീട് |
| 23 | മുത്തച്ചി പുതിയ | 15(VELLANCHIRA) | 100A | 162 | വീട് |

| | | | | | |
|---|---|---|---|---|---|
| | പുരയിൽ ജനാർദ്ദനൻ | | | | |

ഒഴിവാക്കിയതിനുള്ള കാരണം ഉൾപ്പെടുത്താതെ സഞ്ചയയിൽ നികുതി പൂജ്യം എന്ന് രേഖപ്പെടുത്തിയിട്ടുള്ള നിരവധി കെട്ടിടങ്ങൾ സഞ്ചയയിലുണ്ട്. അത്തരം കെട്ടിടങ്ങളിൽ നിന്ന് വസ്തു നികുതി ഡിമാൻഡ് ചെയ്യാത്തതിന് കാരണം ആരാഞ്ഞു നൽകിയ എൻക്വയറിക്ക് (31/17.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യക്തമായ കാരണം രേഖപ്പെടുത്താതെ വസ്തുനികുതി ഒഴിവാക്കിയിരിക്കുന്ന സഞ്ചയയിലെ എല്ലാ കെട്ടിടങ്ങളും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി-അപാകങ്ങൾ.

കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച രേഖകളും, രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ പ്രസ്തുത രജിസ്റ്ററിലെ ക്രമ നമ്പർ 24-ലെ ഇരിണാവ് യു.പി.സ്കൂളിലെ ഹെഡ്മാസ്റ്റർ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺസിൽ LPSA-തസ്തികയിൽ ജോലി ചെയ്യുന്ന നിഷ.വി.പി, അമൃത.ടി, ഷീന ചന്ദ്രൻ, രജിമ.യു എന്നീ ജീവനക്കാർക്ക് ശമ്പളം നൽകി തുടങ്ങിയത് 2021 നവംബർ മുതലായതിനാൽ നിഷ.വി. ഒഴികെയുള്ള ജീവനക്കാർ 2021-22 സാമ്പത്തിക വർഷം രണ്ടാം അർദ്ധ വർഷവും, നിഷ.വി.പി പ്രസ്തുത സാമ്പത്തിക വർഷം ഒന്നാം അർദ്ധ വർഷം മുതലും തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട്. എന്നാൽ മുകളിൽ പരാമർശിച്ച ജീവനക്കാർക്ക് ഏത് മാസം മുതലാണ് നിയമനാംഗീകാരം ലഭിച്ചത്, അരിയർ സാലറി ലഭിച്ചത് ഏത് മാസം മുതലാണ്, നിയമനാംഗീകാരം ലഭിച്ച തീയതി മുതൽ കുടിശിക നികുതി ഈടാക്കിയിട്ടുണ്ടോ . മുതലായ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/13.12.2022) നൽകിയ മറുപടിയിൽ 2018 മുതൽ നിയമനാംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് മാത്രമാണ് അറിയിച്ചിട്ടുള്ളത്. ആയതിനാൽ ബാക്ക് അസസ്സ്മെന്റ് നടത്തി പ്രസ്തുത ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം തുക ഒടുക്കിയതിന്റെ രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.

## 1-13 എഫ്.ടി.ഇ ആന്റ് ഒ.എസ് ലൈസൻസ്-അപാകങ്ങൾ.

കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 31.01.2018-ലെ 27/29/2018 നമ്പർ തീരുമാന പ്രകാരം 31.10.2017-ലെ ജി.ഒ.(പി)നം.80/2017.ത.സ്വ.ഭ.വ-ഉത്തരവ് പരിഗണിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും. ILGMS-ൽ അപ് ലോഡ് ചെയ്ത എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ മുഴുവൻ അപേക്ഷകളിലും, മൂലധന നിക്ഷേപം, അന്വേഷണ റിപ്പോർട്ട് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ലൈസൻസ് ഫീ സംബന്ധിച്ച വിശദമായ പരിശോധന നടത്താൻ സാധിച്ചിട്ടില്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്യിട്ടില്ല.

കെട്ടിടങ്ങളുടെ വസ്തുനികുതി ചുമത്തുന്നതുമായി ബന്ധപ്പെട്ട് സ.ഉ (അ)19/2011/തസ്വഭവ തീയതി 14-1-2011 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ചില ഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 36/2015/തസ്വഭവ തീയതി 24-2-2015 പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്റ്റ്, 2006(2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, അയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ എന്നീ വിഭാഗങ്ങളിൽ പെടുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കൂടിയതും കുറഞ്ഞതുമായ നിരക്ക് എത്രയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ സ.ഉ (അ) നമ്പർ 53/2020 /തസ്വഭവ തീയതി 8-9-2020 പ്രകാരം റസിഡൻഷ്യൽ ഹോം സ്റ്റേ എന്ന വിഭാഗം കൂടി ഉൾപ്പെടുത്തി ഈ വിഭാഗങ്ങളിൽ പെടുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കൂടിയതും കുറഞ്ഞതുമായ നിരക്ക് എത്രയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനനുസരിച്ച് ഓരോ പഞ്ചായത്തും അതത് പഞ്ചായത്തുകൾക്ക് ബാധകമാവുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിലെ അടിസ്ഥാന നികുതി നിരക്കുകൾ പരിശോധിച്ചതിൽ മേൽ വിഭാഗങ്ങൾക്ക്പഞ്ചായത്തിന് ബാധകമായ നിരക്ക് എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്ത് സഞ്ചയയിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 സർക്കാർ നിർദ്ദേശം വരുന്നതിന് മുമ്പ് ആർജിതാവധി സറണ്ടർ അനുവദിച്ചു

05.11.2020 ലെ ജി.ഒ (പി)നം 152/2020/ധന പ്രകാരം സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങളിൽ പുതുക്കിയ

നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ സെക്രട്ടറി ഉൾപ്പെടെയുള്ള റഗുലർ ജീവനക്കാർക്ക് 2021- 2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് / തസ്തിക | വൌച്ചർ നം. & തീയതി | അനുവദിച്ച തുക |
|---|---|---|---|
| 1 | ശ്രീമതി.ശ്രീജയ ടി പി<br>അസി.സെക്രട്ടറി | 22100153/4.6.2021 | ₹59829 |
| 2 | ശ്രീ.സുരേഷ്ബാബു ടി<br>ഹെഡ്ക്ലർക്ക് | | ₹57054 |
| 3 | ശ്രീ.ഗിരീശൻ തിടിൽ<br>അക്കൌണ്ടന്റ് | | ₹53058 |
| 4 | ശ്രീമതി.ഷീബ പി<br>സീ.ക്ലർക്ക് | | ₹50616 |
| 5 | ശ്രീമതി.മിനി എം<br>സീ.ക്ലർക്ക് | | ₹49395 |
| 6 | ശ്രീമതി.ദീപ്തി എം പി<br>ക്ലർക്ക് | | ₹42513 |
| 7 | ശ്രീമതി.ജിഷ പി വി<br>ക്ലർക്ക് | | ₹34521 |
| 8 | ശ്രീമതി.ദീപ എം<br>ക്ലർക്ക് | | ₹32675 |
| 9 | ശ്രീമതി.ഷജിന എ<br>ക്ലർക്ക് | | ₹30304 |
| 10 | ശ്രീമതി.രമ എം എം<br>സെക്രട്ടറി | 22100171/8.6.2021 | 77700 |

2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021ലെ TRY/1850/2021-E1 നമ്പർ കത്തിൽ സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സംബന്ധിച്ച പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനു ശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടില്ല.

26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന പ്രകാരം സർക്കാർ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ ജീവനക്കാരുടെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 01.06.2021 മുതൽ 6 മാസത്തേക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. പിന്നീട് വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം 31.12.2022 തീയതി വരെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/11.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. 26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന ഉത്തരവിന് 1.6.21 മുതൽ മുൻകാല പ്രാബല്യം ഉണ്ടെന്നതിൽ നിലവിൽ ആർജിതാവധി സറണ്ടർ അനുവദിച്ചവരുടെ കാര്യത്തിൽ സ്വീകരിക്കേണ്ട

നടപടികൾ സംബന്ധിച്ച് സർക്കാരിൽ നിന്നും വ്യക്തത വരുത്തി തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. & പേര് | 7/22,ഐ കെ എം വിഹിതം നൽകൽ |
| അടങ്കൽ/ചെലവ് | ₹73695 (വികസന ഫണ്ട്) |
| ബിൽ നം. & തീയതി | 7/2021-22/29.6.2021 |

ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/13.12.2022ന് നല്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-17 മഴക്കാല പൂർവശുചീകരണം - ചെലവ് രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. ₹270000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2021-22വർഷം മഴക്കാല പൂർവ ശുചീകരണത്തിനായി മെഡിക്കൽ ഓഫീസർ, FHC-യുടെ പേരിൽ ചുവടെ ചേർത്ത പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| വൗച്ചർ നം.22100135/31.5.2021. | ₹180000 |
| വൗച്ചർ നം.22100136/31.5.2021. | ₹90000 |
| | ₹270000 |

മേൽ തുകയുടെ ചെലവ് വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/11.12.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടേയും വിനിയോഗ സാക്ഷ്യപത്രത്തിന്റേയും അഭാവത്തിൽ ₹270000 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 ഹരിതകർമ്മസേന യൂസർഫീ പിരിക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, കല്ല്യാശ്ശേരി സർക്കിൾ നിർവഹണം നടത്തിയ സമഗ്ര മാലിന്യ പരിപാലനം എന്ന പദ്ധതിയുമായി ( പ്രോജക്ട് നം.30/22) ബന്ധപ്പെട്ട് ഹരിതകർമ്മ സേനയ്ക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഹരിതകർമ്മസേന യൂസർഫീ പിരിക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഹരിതകർമ്മസേനയ്ക്ക് യൂസർ ഫീ പിരിക്കുന്നതിനായി പഞ്ചായത്തിൽ നിന്നും എത്ര രശീത് പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.
2. രശീത് പുസ്തക വിതരണവുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
3. വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നല്കുന്നതുമായി ബന്ധപ്പെട്ട് ഹരിതകർമ്മസേന വരവ് ചെലവ് കണക്കുകൾ ലഭ്യമാക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥ രശീത് പുസ്തകങ്ങളും കളക്ഷൻ രജിസ്റ്ററും പരിശോധിച്ച് പ്രസ്തുത വരവ്ചെലവ് കണക്കുകൾ സാക്ഷ്യപ്പെടുത്തുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
4. ഹരിതകർമ്മസേനാംഗങ്ങൾ പിരിച്ചെടുക്കുന്ന യൂസർഫീ അതാതുദിവസം അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടോയെന്നും പിരിവു തുകയുടെ കൃത്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ടോയെന്നും വ്യക്തമല്ല .

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/16.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

യൂസർഫീ പിരിവ്, ഒടുക്ക്, വരവ് ചെലവ് കണക്കുകൾ എന്നിവ കൃത്യമാണോയെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-19 മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | മെഡിക്കൽഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി, കല്ല്യാശ്ശേരി. |
| പ്രൊജക്ട് നം. | 26/22 |

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | ഗവ.ഹോമിയോ ഡിസ്പെൻസറിക്കും,ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ ഹോമിയോയ്ക്കും മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹400000(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് ₹400000 | ബിൽ നം/തീയ്യതി 1/2021-22/9.9.2021 |

മേൽ പദ്ധതിയുടെ ഭാഗമായി മരുന്നുകൾ വാങ്ങുന്നതിന് ഹോംകോ എന്ന സ്ഥാപനത്തിന് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന 400000 രൂപ നല്കിയിട്ടുണ്ട്. ഇതിൽ എത്ര രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട് എന്ന് അറിയിക്കുവാനാവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/2021-22/13.12.2022) നൽകിയ മറുപടിയിൽ 366310 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 33690 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് പർച്ചേസ് ബില്ലുകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനക്കായി ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

## 1-20 അങ്കണവാടി ന്യൂട്രിമിക്സ് - ജി എസ് ടി ടിഡി എസ് ഈടാക്കിയിട്ടില്ല

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ സി ഡിഎസ് സൂപ്പർവൈസർ | |
| പ്രോജക്ട് നം. & പേര് | അങ്കണവാടി അനുപൂരക പോഷക പരിപാടി | |
| അടങ്കൽ | ₹2750000 (വികസന ഫണ്ട്)<br>₹1000000 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>₹3750000 | |
| ചെലവ് ₹3695587 | ₹2750000 (വികസന ഫണ്ട്)<br>₹945587(കേന്ദ്രാവിഷ്കൃത ഫണ്ട്) | |
| ബിൽ നം., തീയതി & തുക | 1/04.08.2021 | ₹1271888 |
| | 5/09.09.2021 | ₹401504 |
| | 6/09.09.2021 | ₹210253 |
| | 7/28.10.2021 | ₹116355 |
| | 8/23.02.2022 | ₹570613 |
| | 11/22.03.2022 | ₹179387 |
| | 22100534/23.10.2021 | ₹65412 |
| | 22100750/08.01.2022 | ₹880175 |

കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്തിലെ 23 അങ്കണവാടികളിലെ കുട്ടികൾക്ക് പോഷകാഹാര വിതരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം 12,83,726 രൂപയുടെ ന്യൂട്രിമിക്സ് ജീവശ്രീ അമൃതം ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും വാങ്ങിയിട്ടുണ്ട്. സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ 23അങ്കണവാടികൾക്കായി ജീവശ്രീ അമൃതം ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും വാങ്ങിയ ന്യൂട്രിമിക്സിന്റെ തുകയിൽ നിന്നും ടിഡിഎസ് ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇൻവോയിസ് നം. & തീയതി | തുക (ജി എസ് ടി ഒഴികെയുള്ള തുക)(₹) | ബിൽ നം. & തീയതി |
|---|---|---|---|
| 1 | 1/29.03.2021 | ₹146239 | 1/04.08.2021 |
| 2 | 6/28.5.2021 | ₹144821 | |

| | | | |
|---|---|---|---|
| 3 | 13/7.6.2021 | ₹133481 | |
| 4 | 14/24.6.2021 | ₹130646 | |
| 5 | 17/27.72021 | ₹136080 | 5/09.09.2021 |
| 6 | നമ്പർ ഇല്ല/1.9.2021 | ₹135371 | 6/09.09.2021 |
| 7 | 25/28.9.2021 | ₹138788 | 22100750/<br>8.1.2022 |
| 8 | 39/5.1.2022 | ₹128993 | 8/23.02.2022 |
| 9 | 43/23.2.2022 | ₹130174 | 11/22.03.2022 |
| | ആകെ | ₹1222593 | |

മേൽ തുകയിൽ നിന്നും ടിഡി എസ് ആയി ₹24452 (CGST-₹12226+ SGST- ₹12226) ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്നും സ്ഥാപനം ജി എസ് ടി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 32/18.12.2022) നല്കിയ മറുപടിയോടൊപ്പം ജീവശ്രീ അമൃതം ന്യൂട്രിമിക്സ് എന്ന സ്ഥാപനം ജി എസ് ടി ഫയൽ ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ജി എസ് ടി – ടി ഡി എസ് ചെയ്യാതിരുന്നത് അപാകമാണ്. ഭാവിയിൽ ജി എസ് ടി ബില്ലുകളിൽ പേമെന്റ് നടത്തുമ്പോൾ ടി ഡി എസ് നടത്താനും റിട്ടേൺ ഫയൽ ചെയ്യാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അനുവദനീയമായതിലും അധികം തുക അനുവദിച്ചു

| | |
|---|---|
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ/പേര് | 63/22, ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹750000(വികസന ഫണ്ട്)<br>₹350000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹400000 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ ₹1500000 |
| ചെലവ് | ₹ 750000(വികസന ഫണ്ട്)<br>₹350000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹343925(ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ ₹1443925 |
| ബിൽ / ചെക്ക് നം. & തീയതി | 2/4.8.2021 - ₹316000<br>3/13.9.2021 - ₹200000<br>9/23.2.2022 -₹416175<br>10/22.3.2022 -₹17825<br>22100958/8.3.2022 -₹343925<br>22100981/11.3.2022 -₹150000 |

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 70 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതാണ് പദ്ധതി. പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

14.2.2018 ലെ സ.ഉ (കൈ) നം.22/2018/തസ്വഭവ നം. ഉത്തരവിലെ ഖ7.1.6 (എ), പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സുകൾക്കനുസരിച്ച നിരക്കിലാണ് സ്കോളർഷിപ്പ് അനുവദിക്കേണ്ടത്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് നിർദ്ദിഷ്ട നിരക്കിലും അധികം തുക അനുവദിച്ചിട്ടുണ്ട്.

| വിദ്യാർത്ഥിയുടെ പേര് | വൈകല്യത്തിന്റെ സ്വഭാവം | അനുവദനീയമായ തുക | അനുവദിച്ചത് | അധികം അനുവദിച്ചത് |
|---|---|---|---|---|
| ജെസീം എം ടി | Visually Impaired | ₹5300 | ₹7000 | ₹1700 |

അനഘ സി, Degree III Year പഠിക്കുന്ന വിദ്യാർത്ഥിനിക്ക് അർഹമായതിലും കൂടുതൽ കഴിഞ്ഞ സാമ്പത്തികവർഷം സ്കോളർഷിപ്പ് അനുവദിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പേര്, കോഴ്സ് | വൈകല്യത്തിന്റെ സ്വഭാവം | അനുവദനീയമായ തുക | നൽകിയത് | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | അനഘ സി Degree II Year | Visually Impaired | ₹13000 | ₹19000 | ₹6000 |

കുമാരി അനഘ സി എന്ന വിദ്യാർത്ഥിനിയുടെ അമ്മയുടെ സമ്മതപത്രത്തിൽ അധികമായി അനുവദിച്ച ₹6000 അടുത്ത അദ്ധ്യയന വർഷത്തിൽ കുറവ് ചെയ്ത് ബാക്കി തുക അനുവദിക്കുന്നതിന് സമ്മതമാണെന്ന് അറിയിച്ചിട്ടുള്ള കത്ത് രജിസ്റ്ററിൽ പതിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇത് പരിഗണിക്കാതെ 2021-22 സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | വിദ്യാർത്ഥിയുടെ പേര് | അനുവദനീയമായ തുക | കഴിഞ്ഞവർഷം അധികം അനുവദിച്ചത് | ക്രമീകരിച്ച ശേഷം അനുവദിക്കാവുന്നത് | അനുവദിച്ചത് |
|---|---|---|---|---|---|
| 1 | അനഘ സി Degree III Year | ₹13000 | ₹6000 | ₹7000 | ₹12200 |

സ്കോളർഷിപ്പ് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകളും സമ്മത പത്രവും ഉണ്ടായിട്ടും മേൽ വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കാത്തതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 33/18.12.2022 ന് സൂപ്പർവൈസർമാർ മാറി വന്നപ്പോൾ ആശയ വിനിമയത്തിൽ വന്ന അപാകത മൂലമാണ് ഇങ്ങനെ സംഭവിച്ചതെന്നും മേലിൽ അപാകങ്ങൾ ഉണ്ടാവാതെ ശ്രദ്ധിക്കുന്നതാണ് എന്നുമാണ് മറുപടി നൽകിയത്. അനുവദനീയമായതിലും കൂടുതലായി നൽകിയ തുക തുടർന്നുള്ള വർഷങ്ങളിൽ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-22 അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്കെടുക്കൽ- അപാകങ്ങൾ

അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്കെടുക്കുന്നതിനായി രണ്ടു പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട് - 2020-21 ലെ ബാക്കി തുക നല്കുന്നതിനായി തയ്യാറാക്കിയ സ്പിൽ ഓവർ പദ്ധതിയും 2021-22 ലെ പുതിയ പദ്ധതിയും. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ |
|---|---|---|
| പ്രോജക്ട് നമ്പർ | 147/22 | 110/22 |
| അടങ്കൽ | ₹50000 (തനത് ഫണ്ട്) | 324000 (തനത് ഫണ്ട്) |
| ചെലവ്(സുലേഖ ചെലവു പത്രിക പ്രകാരം) | ₹50000 | 275000 |

ചെലവിന്റെ വിശദാംശങ്ങൾ(ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ബിൽ രജിസ്റ്റർ പ്രകാരം)

| ചെക്ക് നമ്പർ തീയതി | തുക |
|---|---|
| 043108/08.04.21 | 26000 |

| | |
|---|---|
| 043181/02.07.21 | 26000 |
| 043182/02.07.21 | 24000 |
| 043615/03.08.21 | 27500 |
| 049650/01.09.21 | 27500 |
| 773822/01.10.21 | 27500 |
| 773837/03.11.21 | 27500 |
| 773848/01.12.21 | 27500 |
| 773853/03.01.22 | 27500 |
| 773868/11.02.22 | 27500 |
| 044715/04.03.22 | 27500 |
| 044776/31.03.22 | 27500 |
| ആകെ | ₹323500 |

1.2021-22 സാമ്പത്തിക വർഷത്തെ പ്രോജക്ട് നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ കനകേഷ് സി എന്നവരുടെ പ്രതിമാസം 27500രൂപ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 08.07.2021 തീയതിയിൽ പ്രസ്തുത തീയതി മുതൽ 31.03.22 തീയതി വരെയുള്ള കാലയളവിലേക്ക് വാഹനം വാടകയ്ക്ക് നല്കുന്നതിനായി കരാറിലേർപ്പെട്ടിട്ടുണ്ട്(ആകെ 9 മാസം- എഗ്രിമെന്റ് നമ്പർ 2/21-22). എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരവും അസിസ്റ്റന്റ് എഞ്ചിനീയറുടെ ക്യാഷ് ബുക്ക് , പ്രോജക്ട് ഫയൽ എന്നിവ പ്രകാരവും 10 മാസത്തെ വാടക നല്കിയിട്ടുണ്ട്(@27500- ജൂൺ മുതൽ മാർച്ച് വരെ). എഗ്രിമെന്റ് തീയതിക്കു മുമ്പ് പുതിയ നിരക്കിൽ വാടക നല്കിയത് ശരിയല്ല.

2.സ്പിൽ ഓവർ പദ്ധതിയിൽ വന്ന ചെലവ് 2022 ഏപ്രിൽ, മെയ് മാസങ്ങളിലെ ചെലവാണെന്നാണ് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 43/19.12.22) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നല്കിയത്. 2021 ഏപ്രിൽ, ജൂലൈ മാസങ്ങളിലാണ് പ്രസ്തുത ചെലവ് (26000+24000) നടന്നതെന്നതിനാൽ പ്രസ്തുത മറുപടി ശരിയല്ല. 2020-21 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കൽ 180000രൂപയും ചെലവ് 130000രൂപയുമായിരുന്നു. ആയതിൽ ബാക്കി വന്ന തുകയായ 50000രൂപയാണ് സ്പിൽ ഓവർ പദ്ധതിയിൽ ചെലവഴിച്ചത്. മുൻവർഷത്തെ എഗ്രിമെന്റ് ഏത് മാസം വരെയായിരുന്നു എന്ന് വ്യക്തമാക്കേണ്ടതും അധികത്തുക നല്കിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചടക്കേണ്ടതുമാണ്.

3.പദ്ധതിച്ചെലവിനായി സെക്രട്ടറി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കിയ തുകയും അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരന് നല്കിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. യഥാർത്ഥ ചെലവ് എത്രയെന്ന് അനുബന്ധ രേഖകൾ സഹിതം വ്യക്തമാക്കേണ്ടതാണ്.

## 1-23 പഞ്ചായത്ത് നഴ്സറി-പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ, കല്ല്യാശ്ശേരി കൃഷിഭവൻ. |
| പ്രൊജക്ട് നം. | 247/22 |
| പ്രൊജക്ടിന്റെ പേര് | പഞ്ചായത്ത് നഴ്സറി. |
| അടങ്കൽ | ₹122000 വികസന ഫണ്ട് |
| ചെലവ് | ₹116518(ബിൽനം/തീയ്യതി21190152022601437553/24.3.2022) |

മേൽ പദ്ധതിയുടെ ഭാഗമായി വാർഡ് നം.11-ലെ ബിക്കിരിയൻ പറമ്പ് എന്ന സ്ഥലത്ത് ആരംഭിച്ചിട്ടുള്ള പഞ്ചായത്ത് നഴ്സറിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിട്ടുള്ള പ്രവർത്തന മാർഗ്ഗരേഖ ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/2021-22/14.12.2022) നൽകിയ മറുപടിയോടൊപ്പം ഹാജരാക്കിയ റിപ്പോർട്ട് പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിട്ടില്ല. പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിട്ടുള്ള പ്രവർത്തന മാർഗ്ഗരേഖ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-24 ആയുർവ്വേദ ആശുപത്രിക്ക് ഉപകരണങ്ങളും, ഫർണ്ണിച്ചറും വാങ്ങൽ - നിർവ്വഹണത്തിലെ അപാകങ്ങൾ- ₹400000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ചീഫ് മെഡിക്കൽ ഓഫീസർ,<br>ഗവ.ആയുർവ്വേദ ആശുപത്രി.ഇരിണാവ്. |
| പദ്ധതിയുടെ പേര് | ആയുർവ്വേദ ആശുപത്രിക്ക് ഉപകരണങ്ങളും, ഫർണ്ണിച്ചറും വാങ്ങൽ |
| പ്രൊജക്റ്റ് നം | 83/22. |
| അടങ്കൽ | ₹400000- മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ്<br>₹400000 | ബിൽനം/തീയ്യതി<br>211901520212015l8668/30.3.2022 |

(എ)പദ്ധതിയുടെ ഭാഗമായി ഉപകരണങ്ങളും,ഫർണ്ണിച്ചറും വാങ്ങുന്നതിന് മുമ്പായി ആവശ്യകതാ നിർണ്ണയം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

(ബി) പദ്ധതിയുടെ ഭാഗമായി ഉപകരണങ്ങളും, ഫർണ്ണിച്ചറും വാങ്ങുമ്പോൾ അവയുടെ എണ്ണവും തരവും പ്രൊജക്റ്റിൽ ഉൾപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ആകെ അടങ്കലായ 400000രൂ രേഖപ്പെടുത്തി യൂനിറ്റുകളുടെ എണ്ണം 1 എന്ന് ചേർത്താണ് പദ്ധതിക്ക് അംഗീകാരം വാങ്ങിയത്.

(സി)ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ASIM DESIGNING & INTERIORS OLAVANNA KOZHIKODEഎന്ന സ്ഥാപനത്തിന്റെ ടെണ്ടർ പ്രൊക്യൂർമെന്റ് കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ 21.12.2021-ലെ 198(12)/21 നമ്പർ ഭരണസമിതി തീരുമാന പ്രകാരം അംഗീകരിച്ചെങ്കിലും പ്രസ്തുത സ്ഥാപനം കരാറിലേർപ്പെട്ട് സാധനം വിതരണം ചെയ്യാൻ തയ്യാറായിട്ടില്ല. പ്രസ്തുത സ്ഥാപനത്തിനെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

(ഡി) കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനം ഉപകരണങ്ങളും,ഫർണ്ണിച്ചറുകളും വിതരണം ചെയ്യാൻ തയ്യാറാകാത്ത അവസരത്തിൽ റീടെണ്ടർ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം ലഭ്യമാക്കിയിട്ടില്ല.അടിയന്തിര സാഹചര്യം ഇല്ലാത്തതിനാൽ ഇത്തരത്തിൽ വാങ്ങൽ നടത്തിയത് ക്രമപ്രകാരമല്ല.

(ഇ) രണ്ടാമത്തെ കുറഞ്ഞ നിരക്കുകൾ രേഖപ്പെടുത്തിയ അർജ്ജുൻ അസോസിയേറ്റ്സ് മുല്ലക്കൊടി കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്ന് ഉപകരണങ്ങളും, ഫർണ്ണിച്ചറുകളും വാങ്ങിയപ്പോൾ നെഗോസിയേഷൻ നടത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ മറുപടി ഹാജരാക്കിയിട്ടില്ല.

(എഫ് )ASIM DESIGNING & INTERIORS OLAVANNA KOZHIKODEഎന്ന സ്ഥാപനത്തിന് പർച്ചയ്സ് ഓർഡർ നൽകുമ്പോൾ 12 സാധനങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളത്. അർജ്ജുൻ അസോസിയേറ്റ്സ് മുല്ലക്കൊടി കണ്ണൂർ എന്ന സ്ഥാപനത്തിന് പർച്ചയ്സ് ഓർഡർ നൽകുമ്പോൾ 16 സാധനങ്ങൾ ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

(ജി)ആദ്യത്തെ പർച്ചയ്സ് ഓർഡർ നൽകുമ്പോൾ ഉൾപ്പെടുത്തിയ WOODEN STEAM BATH,STEEL OFFICE TABLE എന്നിവ രണ്ടാമത് പർച്ചയ്സ് ഓർഡർ നൽകുമ്പോൾ ഒഴിവാക്കുകയും ആദ്യത്തെ സപ്ലൈ ഓർഡറിൽ ഇല്ലാത്ത ചില സാധനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. യഥാർത്ഥത്തിൽ ആവശ്യമായ സാധനങ്ങളുടെ വിവരങ്ങൾ ഫയലിൽ ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല.

(എച്ച്)വാങ്ങിയ സാധനങ്ങൾ നിലവിൽ ഉപയോഗിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുവാനും, ആശുപത്രിയിൽ എത്ര രോഗികൾക്കുള്ള കിടത്തി ചികിത്സാ സൗകര്യമാണ് ഉള്ളത് എന്നും അറിയിക്കുവാനും വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/2021-22/12.12.2022) നൽകിയ മറുപടിയിൽ 30 രോഗികളെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യം സ്ഥാപനത്തിന്റെ ഒന്നാം നിലയിൽ വരുന്നുണ്ടെന്നും, വയറിംഗ്, പ്ലംബ്ബിംഗ് പണി പൂർത്തിയാകുന്ന മുറക്ക് ആയത് ഉപയോഗപ്രദമാകുമെന്നുമാണ് അറിയിച്ചിട്ടുള്ളത്.

കെട്ടിടം പ്രവർത്തനക്ഷമമാകുന്നതിന് മുമ്പ് വാങ്ങിയ മിക്ക സാധനങ്ങളും നിലവിൽ ഉപയോഗിക്കാതെ നിഷ്ക്രിയമായി കിടക്കുകയാണ്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെയും സാധനങ്ങളുടെ ആവശ്യകതാ നിർണ്ണയം നടത്താതെയും പദ്ധതി നിർവ്വഹണം നടത്തിയതിനാൽ 400000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രൊജക്റ്റ് നം. & പേര് | 39/2022, പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി. |

| | |
|---|---|
| അടങ്കൽ ₹14,00,000 | ₹3,50,000(വികസന ഫണ്ട്),₹3,50,000(സംസ്ഥാനാവിഷ്കൃത ഫണ്ട്),₹7,00,000(ഗുണഭോക്തൃ വിഹിതം) |
| ചെലവ് ₹14,00,000 | ₹3,50,000(വികസന ഫണ്ട്), ₹3,50,000(സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>₹7,00,000(ഗുണഭോക്തൃ വിഹിതം) |
| ബിൽ നം/തീയ്യതി/തുക | ₹3,50,000(വികസന ഫണ്ട്)<br>-114/21-22/20.09.21 (ACR പ്രകാരം)<br>ഗുണഭോക്തൃവിഹിതം ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിച്ചതും സംസ്ഥാനാവിഷ്കൃത വിഹിതം എസ് എൽ ബി പി വഴി ചെലവഴിച്ചതുമാണ്. |

മേൽ പദ്ധതിയുടെ ഭാഗമായി വികസന ഫണ്ടിൽ നിന്നും 3,50,000രൂപ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂരിന്റെ അക്കൗണ്ട് നമ്പറിലേക്ക് (719011400000003) അനുവദിച്ചിട്ടുണ്ട്. പദ്ധതി നിലവിൽ പൂർത്തിയായിട്ടില്ല. പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-26 സമഗ്ര വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പഠനകിറ്റ് വിതരണം- മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനങ്ങൾ വിദ്യാർഥികൾക്ക് വാങ്ങി നൽകി.-₹3,74,575- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ,ഗവ.എൽ.പി.സ്കൂൾ,കല്യാശ്ശേരി |
| പ്രൊജക്റ്റ് നമ്പർ / പേര് | 24/22 സമഗ്ര വിദ്യാഭ്യാസ പ്രവർത്തനങ്ങൾ |
| അടങ്കൽ | ₹3,74,630 തനത് ഫണ്ട് |
| ചെലവ് | ₹299075 ചെക്ക് നം.7680369/21.3.22<br>₹12000 ചെക്ക് നം.044747/19.3.22<br>₹63500 ചെക്ക് നം.7680372/31.3.22<br>ആകെ₹3,74,575 |

സമഗ്ര വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി, കൊറോണ കാരണം വീട്ടിൽ ഇരിക്കേണ്ടി വരുന്ന കുട്ടികൾക്ക് വ്യായാമത്തിന്റെ കുറവ് പരിഹരിക്കാൻ സ്കിപ്പിംഗ് റോപ്പ്, റിംഗ്, ചിത്രം വരയ്ക്കുന്നതിന് ക്രയോൺസ്,വാട്ടർ കളർ, ഡ്രോയിങ് ബുക്ക്, ചിത്രം വരയ്ക്കുന്നതിനുള്ള മറ്റ് സാമഗ്രികൾ, ക്രിക്കറ്റ് ബോൾ എന്നിവ വാങ്ങി നൽകുന്നതിനും പ്രീ പ്രൈമറി വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് വേണ്ടിയുള്ള ശാക്തീകരണ ബോധവൽക്കരണ ക്ലാസ് നടത്തുന്നതിനുമാണ് മേൽ പ്രൊജക്റ്റ് ലക്ഷ്യം വെച്ചിരിക്കുന്നത്.

മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട് ₹3,62,575 യുടെ സ്പോർട്സ്ഉപകരണങ്ങൾ,ചിത്രരചനാ ഉപകരണങ്ങൾ എന്നിവ കല്യാശ്ശേരി ഗ്രാമപഞ്ചായത്തിലെ 10 പ്രൈമറി സ്കൂളുകളിലെ 2747 വിദ്യാർത്ഥികൾക്കായി വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ പ്രീപ്രൈമറി സ്കൂളുകളിലെ കുട്ടികളുടെ രക്ഷിതാക്കൾക്ക് ഏകദിന പരിശീലനം നടത്തിയതിന്റെ ഭക്ഷണ ചെലവിനായി ₹12,000 യും ചെലവഴിച്ചു. വിദ്യാർത്ഥികൾക്ക് താഴെക്കൊടുത്തിരിക്കുന്ന ഇനത്തിൽപ്പെട്ട റിക്രിയേഷൻ ഉപകരണങ്ങളാണ് വാങ്ങി നൽകിയിരിക്കുന്നത്.മത്സരാധിഷ്ഠിത ടെണ്ടർ നടപടിക്രമത്തിലൂടെയാണ് വാങ്ങിയിരിക്കുന്നത്.

| ഇനം | എണ്ണം |
|---|---|
| സ്കിപ്പിംഗ് റോപ്പ് | 2747 |
| വാട്ടർ കളർ | 866 |
| പ്ലാറ്റിനം എക്സ്ട്രാ ഡാർക്ക് പെൻസിൽ | 2747 |
| ഇറേസർ | 2747 |
| ഷാർപ്നർ | 2747 |
| ക്രിക്കറ്റ് ബോൾ | 866 |
| റിംഗ് | 1881 |
| വാക്സ് ക്രയോൺസ് | 1881 |
| ഡ്രോയിംഗ് ബുക്ക് | 2750 |

എന്നാൽ,പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)11/2018/തസ്വഭവ തി:29.01.18, സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)22/2018 /തസ്വഭവ തി:14.02.18, തദ്ദേശസ്ഥാപന പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മറ്റ് ഉത്തരവുകൾ എന്നിവയിൽ

പരാമർശിച്ചിരിക്കുന്ന ഇനങ്ങൾക്ക് മാത്രമേ ഗുണഭോക്താക്കൾക്ക് സബ്സിഡി/ധനസഹായം നൽകാൻ പാടുള്ളൂ. വിദ്യാർത്ഥികളുടെ റിക്രിയേഷനുമായി ബന്ധപ്പെട്ട മേൽ ഉപകരണങ്ങൾ വ്യക്തിഗതമായി വിതരണം ചെയ്യുന്നതു സംബന്ധിച്ച് മാർഗ്ഗരേഖയിൽ പരാമർശമില്ല.പ്രീപ്രൈമറി സ്കൂളുകളിലെ കുട്ടികളുടെ രക്ഷിതാക്കൾക്ക് ഏകദിന പരിശീലനം നടത്തിയതിന്റെ ഭക്ഷണ ചെലവിനായി ₹12,000 യും ചെലവഴിച്ചിട്ടുണ്ട്. പ്രീപ്രൈമറി സ്കൂളുകളിലെ കുട്ടികളുടെ രക്ഷിതാക്കൾക്ക് പരിശീലനം നൽകുന്നത് സംബന്ധിച്ച് മാർഗ്ഗരേഖയിൽ പരാമർശമില്ല. പദ്ധതി/സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യാനിടയായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (9/13.12.22) കോവിഡ് കാലത്ത് വീടുകളിൽ തനിയെ കഴിയുന്ന കുട്ടികളുടെ മാനസിക, കായിക ഉല്ലാസത്തിന് വേണ്ടി വർക്കിംഗ് ഗ്രൂപ്പ്, പഞ്ചായത്ത് ഭരണസമിതി, ഡി.പി.സി, വെറ്റിംഗ് ഓഫീസർ എന്നിവരുടെ അംഗീകാരത്തോടു കൂടിയാണ് പ്രൊജക്ട് നടപ്പിലാക്കിയിരിക്കുന്നത് എന്നും പ്രൊജക്ട് അതിന്റെ ലക്ഷ്യം നേടിയിട്ടുണ്ടെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. മറുപടി തൃപ്തികരമല്ല. മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനങ്ങൾക്ക് ചെലവ് നടത്തുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. എന്നാൽ ആയത് ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ ചെലവ് തുകയായ ₹3,74,575-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 സുഭിക്ഷ കേരളം - വീട്ടുവളപ്പിൽ മത്സ്യകൃഷി- പടുതാകുളം-അധികം നൽകിയ ₹5457-യുടെ ചെലവ് അംഗീകരിക്കുന്നില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ |
| പ്രൊജക്ട് നമ്പർ / പേര് | 238/22,സുഭിക്ഷ കേരളം - വീട്ടുവളപ്പിൽ മത്സ്യകൃഷി-പടുതാകുളം(SO) |
| അടങ്കൽ ₹2561451 | ₹344400-സംസ്ഥാനാവിഷ്കൃത ഫണ്ട്, ₹322851-തനത് ഫണ്ട്<br>₹344400-ജില്ലാ പഞ്ചായത്ത് വിഹിതം<br>₹1549800 മറ്റുള്ളവ |
| ചെലവ് ₹123139 | ₹50795-തനത് ഫണ്ട്-ചെക്ക് നം.044142/17.02.22<br>₹72344-ജില്ലാ പഞ്ചായത്ത് വിഹിതം -ബിൽ നം.1/21-22 /16.3.22 |

80 ച.മീ. വിസ്തീർണ്ണമുള്ള കുളം 40 സെ.മീ. ആഴത്തിൽ കുഴിയെടുത്ത് പ്രസ്തുത മണ്ണ് ഉപയോഗിച്ച് കുളത്തിന് ചുറ്റുമായി 110 സെ.മീ. ഉയരത്തിൽ ബണ്ട് രൂപീകരിച്ച ശേഷം കുളത്തിൽ പടുതാ വിരിക്കൽ,അടിത്തട്ട് ഒരുക്കൽ, 125 സെ.മീ. ഉയരത്തിൽ ജലം നിറയ്ക്കൽ, സംരക്ഷിതവല സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നിർവഹിച്ച് ആയിരം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതിനാണ് മേൽ പ്രോജക്ട് ലക്ഷ്യം വയ്ക്കുന്നത്.മേൽ പ്രവൃത്തിയുടെ യൂണിറ്റ് ചെലവ് ₹1,23,000 യാണ്. യൂണിറ്റ് ചെലവിന്റെ 40% ആണ് സബ്സിഡി തുക. സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശഭരണ സ്ഥാപനവും മൂന്നിലൊന്ന് ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണ്.2020-21 ൽ നിർവ്വഹണം ആരംഭിച്ച് 2021-22 ഓഡിറ്റ് വർഷം സ്പിൽ ഓവർ ആയി തുടരുന്ന മേൽ പ്രൊജക്ടിൽ 5 ഗുണഭോക്താക്കൾക്ക് സബ്സിഡി തുക വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കളിൽ സന്തോഷ് പി, ബീന പി എന്നീ ഗുണഭോക്താക്കൾക്ക് സബ്സിഡി തുക അനുവദിച്ചതിൽ അപാകമുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

1.സബ്സിഡി മാർഗരേഖ സ.ഉ(കൈ)22/18/തസ്വഭവ തി:14.2.18 ഖ:4.1 പ്രകാരം പോളിത്തീൻ ഷീറ്റും അനുബന്ധസാമഗ്രികളും വാങ്ങുന്നതിന് 15,200 രൂപയാണ് പരമാവധി സബ്സിഡി തുകയായി അനുവദിക്കാവുന്നത്. ബീന പി.എന്ന ഗുണഭോക്താവ് ലഭ്യമാക്കിയ വൗച്ചറുകൾ പ്രകാരം ₹29,239 യാണ് പോളിത്തീൻ ഷീറ്റ് വാങ്ങുന്നതിനായി നൽകിയിരിക്കുന്നത്(ഇൻവോയ്സ് നം.01-S1-R21343/11.12.20). ആയതിന്റെ 40% ₹11,696 യാണ് അനുവദിക്കേണ്ടത്. എന്നാൽ പരമാവധി സബ്സിഡി തുകയായ ₹15,200 അനുവദിച്ചിട്ടുണ്ട്. ₹3504 അധികം നൽകി.ടിയാരി ഫയലിനൊപ്പം ലഭ്യമാക്കിയ റേഷൻ കാർഡ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ പ്രകാരം ഗുണഭോക്താവ് താമസിക്കുന്നത് പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിലാണ്. മത്സ്യകൃഷി നടത്തുന്നതിനായി പടുതാകുളം നിർമ്മിച്ചിരിക്കുന്നത് കല്യാശ്ശേരി പഞ്ചായത്ത് പരിധിക്കുള്ളിൽ തന്നെയാണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.പാപ്പിനിശ്ശേരി പഞ്ചായത്തിൽ നിന്നും മേൽ ഗുണഭോക്താവിന് ആനുകൂല്യം ഒന്നും ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2.സന്തോഷ് പി എന്ന ഗുണഭോക്താവിന് 2 പടുതാകുളം നിർമ്മിക്കുന്നതിനുള്ള ആനുകൂല്യം പഞ്ചായത്തിൽ നിന്ന് നൽകിയിട്ടുണ്ട്.അതിൽ ഒന്നിന് ₹25,998 യാണ് സബ്സിഡി(LSGD Share) തുകയായി നൽകിയിരിക്കുന്നത്.ഗുണഭോക്താവ് ലഭ്യമാക്കിയ വൗച്ചറുകൾ പ്രകാരം ₹33,117 യാണ് പോളിത്തീൻ ഷീറ്റ് വാങ്ങുന്നതിനായി നൽകിയിരിക്കുന്നത്(ഇൻവോയ്സ് നം.01-S1-R25538/17.3.21). ആയതിന്റെ 40% ₹13,247 യാണ് അനുവദിക്കേണ്ടത്. എന്നാൽ പരമാവധി സബ്സിഡി തുകയായ ₹15,200 അനുവദിച്ചിട്ടുണ്ട്. ₹1953 അധികം നൽകി.

3.സബ്സിഡി മാർഗരേഖ സ.ഉ(കൈ)22/18/തസ്വഭവ തി:14.2.18 ഖ:4.1 പരാമർശിച്ചിരിക്കുന്ന അളവുകളിൽ

തന്നെയാണോ കുളം നിർമ്മിച്ചിരിക്കുന്നതെന്ന് വ്യക്തമല്ല.

4.ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല.

5.പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം കിട്ടിയ ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6.മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക്(26/15.12.22) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി ഇനത്തിൽ അധികം അനുവദിച്ച ₹5457-യുടെ ചെലവ് അംഗീകരിക്കുന്നില്ല.

## 1-28 മരുന്ന്,ലാബ് റീഏജന്റ് എന്നിവ വാങ്ങൽ-മുഴുവൻ മരുന്നുകളും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,എഫ്.എച്ച്.സി,കല്ല്യാശ്ശേരി. |
| പ്രൊജക്ട് നം. | 79/22 |
| പ്രൊജക്ടിന്റെ പേര് | കല്ല്യാശ്ശേരി എഫ്.എച്ച്.സിക്ക് മരുന്ന്,ലാബ് റീഏജന്റ് എന്നിവ വാങ്ങൽ. |
| അടങ്കൽ | ₹691000. (മെയിന്റനൻസ് ഫണ്ട് റോഡിതരം ) |
| ചെലവ് ₹690748 | ബിൽ.നം/തീയ്യതി/തുക<br>21190152012600398668/12.9.2021/₹24988.<br>106/15.9.2021/₹491000<br>21190152012601021469/27.1.2022/₹75000.<br>21190152012601275118/28.2.2022/₹99760. |

കല്ല്യാശ്ശേരി എഫ്.എച്ച്.സി.-യിലേക്കാവശ്യമായ മരുന്നുകളും ലാബ് റീ ഏജന്റ്സും വാങ്ങുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. പദ്ധതിയുടെ ഭാഗമായി മരുന്നുകൾ വാങ്ങുന്നതിന് ബിൽ നമ്പർ 106/15.9.2021 പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന 491000 രൂപ നല്കിയിട്ടുണ്ട്. ഇതിൽ എത്ര രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട് എന്ന് അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം. 42/19.12.2022-ന് നൽകിയ മറുപടിയിൽ നാളിതുവരെയായി 417641 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ടെന്നാണ് അറിയിച്ചത്. 73359 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറക്ക് പർച്ചേസ് ബില്ലുകളും സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 42/2021-22/19.12.2022 ന് നല്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്)

## 1-29 ജീവിത ശൈലി രോഗ നിർണ്ണയം വനിത.₹40000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി.കല്ല്യാശ്ശേരി. |
| പ്രൊജക്ട് നം. | 104/22 |
| പ്രൊജക്ടിന്റെ പേര് | ജീവിത ശൈലി രോഗ നിർണ്ണയം വനിത. |
| അടങ്കൽ | ₹40000(വികസന ഫണ്ട് ) |
| ചെലവ് ₹40000 | ബിൽ നം/തീയ്യതി/തുക<br>21190152012600803552/17.12.2021/₹38336.<br>21190152012601225137/28.2.2022/₹276.<br>21190152012601365359/18.3.2022/₹700.<br>21190152012601364911/14.3.2022/₹688. |

പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

(എ) സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ-തീയ്യതി-14.2.2018-ലെ മാർഗരേഖയിലെ ഖണ്ഡിക 6.4.16 പ്രകാരം ജീവിത ശൈലീ രോഗങ്ങളുടെ പരിശോധനയ്ക്കുള്ള ഉപകരണങ്ങളുടെ വിലയും, വാഹനത്തിന്റെ വിലയും ഉൾപ്പെടെയുള്ള തുക

ഉണഭോക്തൃ വിഹിതമായോ, ബാങ്ക് വായ്പയായോ ലഭ്യമാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി 38336 രൂപ വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ചതിന്റെ കാരണം ലഭ്യമാക്കിയിട്ടില്ല.

(ബി) പദ്ധതിയുടെ ഭാഗമായി 29.10.2021-ലെ Invoice No.HHCO/0283 പ്രകാരം HUMANITY HEALTH CARE എന്ന സ്ഥാപനത്തിൽ നിന്ന് 38336രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ആയത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

(സി)കുടുംബശ്രീ സംവിധാനത്തിലൂടെ, ഉപകരണം ഉപയോഗിക്കുന്നതിന് പരിശീലനം ലഭിച്ച നിർദ്ദിഷ്ട യോഗ്യതയുള്ള വനിതകളെ ഉൾപ്പെടുത്തി പരിശോധനാ നടത്താനാണ് മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളത്. പരിശീലനം നടത്താൻ വ്യവസ്ഥ ചെയ്തിട്ടില്ല. പരിശീലന പരിപാടിയുടെ ഭാഗമായി 1664രൂപ ചെലവഴിച്ചിട്ടുണ്ട്. യോഗ്യതയുള്ള വനിതകളുടെ അഭാവത്തിലാണ് പരിശീലനം നടത്തിയതെന്ന മറുപടി തൃപ്തികരമല്ല.

(ഡി)പരിശോധനയ്ക്കുള്ള ഫീസുകൾ ഹോസ്പിറ്റൽ മാനേജ് മെന്റ് കമ്മറ്റി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുവാനും തുടർ നടത്തിപ്പുമായി ബന്ധപ്പെട്ട വിശദാംശങ്ങളും ലഭ്യമാക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം37/2021-22/18.12.2022) മറുപടിയായി ഫീസുകൾ നിശ്ചയിച്ചിട്ടുണ്ടെന്നും രോഗികളുടെ എണ്ണം കുറവായതിനാൽ എഫ് എച്ച് സി കല്ല്യാശേരി ലാബിൽ വച്ച് തന്നെയാണ് ടെസ്റ്റുകൾ നടത്തിയിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. ഇതിൽ നിന്നു തന്നെ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് വ്യക്തമാണ്. മേൽക്കാരണങ്ങളാൽ 40000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 പാലിയേറ്റീവ് കെയർ -പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,എഫ്.എച്ച്.സി,കല്ല്യാശ്ശേരി. |
| പ്രൊജക്ട് നം. | 72/22 |
| പ്രൊജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ |
| അടങ്കൽ | ₹850000.<br>₹600000 (വികസന ഫണ്ട് )<br>₹250000 (ജില്ലാപഞ്ചായത്ത് വിഹിതം ) |
| ചെലവ് | ₹603130<br>₹578470 (വികസന ഫണ്ട് )<br>₹24660 (ജില്ലാപഞ്ചായത്ത് വിഹിതം ) |

(എ)സ.ഉ(സാധാ)നം.3217/2015./ത.സ്വ.ഭ.വ- തീയ്യതി.29.10.2015 -ലെ ഖണ്ഡിക 2.5.6 പ്രകാരം പാലിയേറ്റീവ് നോമിനൽ റജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതിന്റെ വിവരം ഹാജരാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.39/18.12.2022) പാലിയേറ്റീവ് പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട പുതുക്കിയ ഉത്തരവിൽ ഇക്കാര്യം പരാമർശിച്ചിട്ടില്ലാത്തതിനാലാണ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാതിരുന്നതെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി തൃപ്തികരമല്ല. ഗുണഭോക്തൃലിസ്റ്റുകൾ തദ്ദേശ സ്ഥാപനങ്ങളുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെന്ന നിർദ്ദേശം നിലനില്ക്കുന്നുണ്ട്.അപാകം പരിഹരിക്കേണ്ടതാണ്.

(ബി)മേൽ പദ്ധതിയുടെ ഭാഗമായി മരുന്നുകൾ വാങ്ങുന്നതിന് മുകളിൽ പരാമർശിച്ച ചെലവ് തുകയിൽ ഉൾപ്പെട്ട 17.3.2022-ലെ ബിൽ നം.2119015201260136 5009-ൽ നിന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന 123623 രൂപ നല്കിയിട്ടുണ്ട് . ഇതിൽ 73154 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. 50469രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറക്ക് പർച്ചേസ് ബില്ലുകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

## 1-31 മെഡിക്കൽ ക്യാമ്പ് -പദ്ധതി നിർവ്വഹണത്തിന് ചെലവഴിച്ച -₹220500-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി.,കല്ല്യാശ്ശേരി.

| | | |
|---|---|---|
| പ്രോജക്ട് നം.,പേര് | 101/22,ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ക്യാമ്പ്. | 94/22,വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പും ഉപകരണങ്ങൾ വാങ്ങലും. |

| | | |
|---|---|---|
| അടങ്കൽ | ₹150000(വികസന ഫണ്ട് ) | ₹100000 (വികസന ഫണ്ട് – ജനറൽ) |
| ചെലവ് | ₹125000 | ₹95500 |
| ബിൽ നം/തീയ്യതി/തുക | 21190152012601395836/19.3.2022 /₹125000. | 21190152012601021466/27.1.2022 /₹75000.<br>21190152012601084647/9.2.2022 /₹2400.<br>21190152012601364950/14.3.2022 /₹14730<br>21190152012601365378/18.3.2022 /₹1870.<br>21190152012601396052/1.1.2022 /₹1500.. |

സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ–തീയ്യതി.29.01.2018.പദ്ധതി മാർഗരേഖയിലോ, സ.ഉ(കൈ) നം.22/2018/ത.സ്വ.ഭ.വ–തീയ്യതി. 14.02.2018. സബ്സിഡി മാർഗരേഖയിലോ പരാമർശിക്കാത്ത മേൽ പദ്ധതികൾ നടപ്പിലാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.38/18.12.2022) ലഭ്യമാക്കിയ മറുപടിയിൽ വൃദ്ധരുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലയായതിനാലാണ് പദ്ധതി ഏറ്റെടുത്തതെന്നാണ് അറിയിച്ചത്. എന്നാൽ മെഡിക്കൽ ക്യാമ്പുകൾ വിദൂര പട്ടിക വർഗ സങ്കേതങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ₹220500–യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1–32 അങ്കണവാടി സ്കൂൾ കുട്ടികളുടെ ആരോഗ്യ പരിശോധന.₹40000–യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , എഫ്.എച്ച്.സി.കല്ല്യാശ്ശേരി. |
| പ്രോജക്ട് നം. | 97/22 |
| പ്രോജക്ടിന്റെ പേര് | അങ്കണവാടി സ്കൂൾ കുട്ടികളുടെ ആരോഗ്യ പരിശോധന. |
| അടങ്കൽ | ₹40000(വികസന ഫണ്ട് ) |
| ചെലവ് ₹40000 | ബിൽ നം/തീയ്യതി/തുക<br>21190152012601408516/22.3.2022/₹18027.<br>21190152012601021465/27.1.2022/₹21973. |

(എ) അങ്കണവാടി വിദ്യാർത്ഥികളുടെ ആരോഗ്യ പരിശോധന സാമൂഹ്യ നീതി വകുപ്പിന്റെ നിയന്ത്രണത്തിൽ വരുന്ന കാര്യമാണെന്നതിനാൽ വകുപ്പ് മുഖേന പ്രസ്തുത പരിപാടി നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 36/22 തീയതി 19.12.22 ന് നല്കിയ മറുപടിയിൽ ജി ഒ (എം എസ്) 11/2018 തീയതി 29.01.2018 ലെ ഖണ്ഡിക 6.4(4) പ്രകാരം കുട്ടികളിലുണ്ടാകുന്ന വൈകല്യങ്ങൾ നേരത്തെ കണ്ടെത്തി അതിന്റെ ആഘാതം ഇല്ലാതാക്കുന്നതിനോ ലഘൂകരിക്കുന്നതിനോ വേണ്ട നടപടികൾ ആരോഗ്യസ്ഥാപനങ്ങൾ വഴി നടത്തേണ്ടതാണെന്ന് പരാമർശിച്ചിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി ഏറ്റെടുത്തതെന്നുമാണ് അറിയിച്ചത്. ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററിന്റെ പ്രവർത്തനം വിപുലമാക്കാനും കാര്യക്ഷമമാക്കാനും ജില്ലാ പഞ്ചായത്തുകൾക്ക് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണെന്ന നിർദ്ദേശമാണ് പ്രസ്തുത ഖണ്ഡികയിൽ (ഖ.6.4.4) എന്നതിനാൽ മെഡിക്കൽ ഓഫീസറുടെ മറുപടി തൃപ്തികരമല്ല.

(ബി) പദ്ധതിയുടെ ഭാഗമായി 14.12.2021 മുതൽ 20.3.2022 വരെയുള്ള വിവിധ ദിവസങ്ങളിൽ ഗ്രാമ പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ അങ്കണവാടി സ്കൂൾ കുട്ടികളെ പരിശോധിക്കാനായി, ഡോക്ടറെയും, സ്റ്റാഫിനെയും എത്തിച്ചതിന് Karunan Nadoran എന്ന വ്യക്തിക്ക് വാഹന വാടകയിനത്തിൽ 18027രൂപയും, 11.12.2021–ലെ Invoice No.95 പ്രകാരം EVERGREEN ENTERPRISES എന്ന സ്ഥാപനത്തിൽ നിന്ന് മരുന്നു വാങ്ങിയ വകയിൽ 21973രൂപയും ആണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി വാങ്ങിയ മരുന്നുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽക്കാരണങ്ങളാൽ 40000രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-33 കല്ല്യാശ്ശേരി എഫ്.എച്ച്.സിക്ക് കമ്പ്യൂട്ടർ വാങ്ങൽ-₹4181-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി.കല്ല്യാശ്ശേരി. |
| പ്രോജക്ട് നം. | 91/22 |
| പ്രോജക്ടിന്റെ പേര് | കല്ല്യാശ്ശേരി എഫ്.എച്ച്.സിക്ക് കമ്പ്യൂട്ടർ. |
| അടങ്കൽ | ₹45000(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് ₹42447 | ബിൽ നം/തീയ്യതി/തുക<br>211901520126010 2147/27.1.2022/₹39797.<br>211901520126013 78740/19.3.2022/₹2650. |

(എ) മേൽ പദ്ധതിയുടെ ഭാഗമായി കമ്പ്യൂട്ടർ വാങ്ങുന്നതിനുവേണ്ടി 27.1.2022-ലെ ബിൽ നം.211901520126010 2147-ൽ നിന്ന് 39797 രൂപ, കെൽട്രോണിന്റെ 5.1.2022-ലെ Proforma Invoice No.TVM/ITBG/PI/RC/33380/20-21-പ്രകാരം അനുവദിച്ചിട്ടുണ്ട്.എന്നാൽ 5.5.2022-ലെ Tax Invoice No.PYS122008890 പ്രകാരം കമ്പ്യൂട്ടറിന്റെ GST ഉൾപ്പെടെയുള്ള വില 38266രൂപയാണ്. അധികം അനുവദിച്ച 1531രൂപ ക്രമീകരിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ജെം നും കെൽട്രോണിനും കത്തയച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

(ബി)പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താതെ 19.3.2022-ലെ ബിൽ നം.211901520126013 78740-ൽ നിന്ന് 2650രൂപ ചെലവഴിച്ച് 8.3.2022-ലെ Invoice No.GST/130 പ്രകാരം KEYEN COMPUTER എന്ന സ്ഥാപനത്തിൽ നിന്ന് UPS വാങ്ങിച്ചതിന്റെ കാരണം ലഭ്യമാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.41/2021-22 /19.12.2022) നല്കിയ മറുപടിയിൽ ഇക്കാര്യം പരാമർശിച്ചിട്ടില്ല.
മേൽക്കാരണങ്ങളാൽ 4181 രൂപയുടെ (1531+2650) ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-34 ഇരിണാവ് വയോജന വ്യായാമ കേന്ദ്രം നിർമ്മാണം-പൊളിച്ച് മാറ്റിയ സാധനങ്ങൾ വില്പന നടത്താത്തതും മറ്റ് അപാകങ്ങളും

എ)
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനീയർ

| | |
|---|---|
| പ്രോജക്ട് നമ്പർ | 151/22,ഇരിണാവ് വയോജന വ്യായാമ കേന്ദ്രം നിർമ്മാണം |
| അടങ്കൽ ₹25,00,000 | ₹24,90,000-ജില്ലാ പഞ്ചായത്ത് വിഹിതം, ₹10000-തനത് ഫണ്ട് |
| ചെലവ് ₹22,02,045 | ₹15,00,000(2020-21)<br>₹7,02,045-ചെക്ക് നമ്പർ – 578132/31.03.22 |
| കരാറുകാരൻ | പാണയിൽ ബിൽഡേഴ്സ് & ഡവലപ്പേഴ്സ് |
| എം ബുക്ക് നമ്പർ | 56/20,8/20 |

1.പദ്ധതി ആസൂത്രണം സംബന്ധിച്ച് വ്യക്തതയില്ല
ഇരിണാവിൽ നിലവിലുള്ള ജിമ്നേഷ്യം വയോജനങ്ങൾക്കു കൂടി പ്രയോജനപ്പെടുത്താവുന്ന രീതിയിൽ പുതുക്കിപ്പണിയുന്നതിനായി ജില്ലാ പഞ്ചായത്ത് സഹായത്തോടെ നടപ്പിലാക്കിയ പദ്ധതിയാണിത്. കെട്ടിട നിർമ്മാണം എന്നല്ലാതെ ഏത് രീതിയിലുള്ള വ്യായാമകേന്ദ്രമാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നോ നടത്തിപ്പ് സംബന്ധിച്ച ആസൂത്രണമോ നടന്നിട്ടില്ല എന്നാണ് പ്രോജക്ട് ഫയലും ഗ്രാമപഞ്ചായത്ത് ഭരണസമിതി മിനുട്സും പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നത്. 2017-18 ലെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ജിമ്നേഷ്യത്തിൽ മുതിർന്ന പൗരന്മാർക്ക് കെട്ടിടം നിർമ്മിക്കൽ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.വയോജന വ്യായാമ കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരങ്ങളും സർവ്വേ നമ്പറും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.
2.പൊളിച്ച് മാറ്റിയ സാധനങ്ങളുടെ സർവ്വേ റിപ്പോർട്ട് തയ്യാറാക്കി ലേലം ചെയ്തിട്ടില്ല
ഇനം നമ്പർ 2 Dismantling Steel Work.....steel Truss And Purlin ൽ 919.296കി ഗ്രാം ഇരുമ്പ് സാധനങ്ങൾ പൊളിച്ച് മാറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ സർവ്വേ റിപ്പോർട്ട് തയ്യാറാക്കി ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. തുടർനടപടികൾ സ്വീകരിക്കേണ്ടതും അനുബന്ധ രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതുമാണ്.
ബി.പ്രോജക്ട് നമ്പർ 255/21,159/22(സ്പിൽ ഓവർ)വയോജന വ്യായാമ കേന്ദ്രം പൂർത്തീകരണം

| | |
|---|---|
| അടങ്കൽ ₹15,00,000 | ₹1,00,000-തനത് ഫണ്ട്<br>₹14,00,000-ജില്ലാ പഞ്ചായത്ത് വിഹിതം |

| | |
|---|---|
| ചെലവ് – ₹11,88,235 | ₹44316-തനത് ഫണ്ട്<br>₹11,43,919-ജില്ലാ പഞ്ചായത്ത് വിഹിതം<br>(Vr.NO. 1219900200/30.03.2022 ₹875000<br>Vr.No. 1219900197/26.3.2022 ₹268919) |

രണ്ട് പ്രോജക്ടുകളിലുമായി ആകെ ₹22,02,045+₹11,88,235=33,90,280 രൂപ നാളിതുവരെയായി വ്യായാമ കേന്ദ്രത്തിനായി ചെലവഴിച്ചിട്ടുണ്ട്. വ്യായാമകേന്ദ്രത്തിൽ നിലവിലുണ്ടായിരുന്ന ഉപകരണങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കേണ്ടതും തുടർ നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗരേഖ തയ്യാറാക്കേണ്ടതുമാണ്.

### 1-35 സി എച്ച് സി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ-അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് | 205/22, പി.എച്ച്.സി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ |
| അടങ്കൽ | ₹15,00,000(സംരക്ഷണ ഗ്രാന്റ് റോഡിതരം) |
| ചെലവ് | ₹1495907(2020-21 ലെ ചെലവ്- 10,00,740<br>21-22 ലെ ചെലവ് ₹495167) |
| എംബുക്ക് | 52/19-20,54/19-20 |
| കരാറുകാരൻ | ശ്രീ പി കെ സുകുമാരൻ-₹13,38,858 |

പ്രൈമറി ഹെൽത്ത് സെന്ററിനെ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തുന്നതിനുവേണ്ടി അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ചില പ്രവൃത്തികൾ KEL മുഖേന ചെയ്തിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഏതൊക്കെ പ്രവൃത്തികളാണ് കെൽ മുഖേന ചെയ്തതെന്നും ഏത് ഫണ്ട് ഉപയോഗപ്പെടുത്തിയാണ് ആയത് നടത്തിയതെന്നും വ്യക്തമാക്കിയിട്ടില്ല. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റും ബില്ലും ഹാജരാക്കുന്നതിനായി അസി. എഞ്ചിനീയർക്ക് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 30/16.12.22 ന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. വ്യത്യസ്ത ഏജൻസികൾ മുഖേന ഒരേ സമയം നടത്തിയ പദ്ധതികളിൽ ഇരട്ടിപ്പ് വന്നിട്ടില്ല എന്ന് ഉറപ്പു വരുത്തേണ്ടതും ഫയലുകൾ പരിശോധനക്കായി ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സുഭിക്ഷ കേരളം - വീട്ടുവളപ്പിൽ മത്സ്യകൃഷി- പടുതാകുളം-അധികം നൽകിയ ₹5457-യുടെ ചെലവ് അംഗീകരിക്കുന്നില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ |
| പ്രൊജക്ട് നമ്പർ / പേര് | 238/22,സുഭിക്ഷ കേരളം - വീട്ടുവളപ്പിൽ മത്സ്യകൃഷി-പടുതാകുളം(SO) |
| അടങ്കൽ ₹2561451 | ₹344400-സംസ്ഥാനാവിഷ്കൃത ഫണ്ട്, ₹322851-തനത് ഫണ്ട്<br>₹344400-ജില്ലാ പഞ്ചായത്ത് വിഹിതം<br>₹1549800 മറ്റുള്ളവ |

| | |
|---|---|
| ചെലവ് ₹123139 | ₹50795-തനത് ഫണ്ട്-ചെക്ക് നം.044142/17.02.22<br>₹72344-ജില്ലാ പഞ്ചായത്ത് വിഹിതം -ബിൽ നം.1/21-22 /16.3.22 |

80 ച.മീ. വിസ്തീർണ്ണമുള്ള കുളം 40 സെ.മീ. ആഴത്തിൽ കുഴിയെടുത്ത് പ്രസ്തുത മണ്ണ് ഉപയോഗിച്ച് കുളത്തിന് ചുറ്റുമായി 110 സെ.മീ. ഉയരത്തിൽ ബണ്ട് രൂപീകരിച്ച ശേഷം കുളത്തിൽ പടുതാ വിരിക്കൽ,അടിത്തട്ട് ഒരുക്കൽ, 125 സെ.മീ. ഉയരത്തിൽ ജലം നിറയ്ക്കൽ, സംരക്ഷിതവല സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നിർവഹിച്ച് ആയിരം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതിനാണ് മേൽ പ്രോജക്ട് ലക്ഷ്യം വയ്ക്കുന്നത്.മേൽ പ്രവൃത്തിയുടെ യൂണിറ്റ് ചെലവ് ₹1,23,000 യാണ്. യൂണിറ്റ് ചെലവിന്റെ 40% ആണ് സബ്സിഡി തുക. സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശഭരണ സ്ഥാപനവും മൂന്നിലൊന്ന് ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണ്.2020-21 ൽ നിർവ്വഹണം ആരംഭിച്ച് 2021-22 ഓഡിറ്റ് വർഷം സ്പിൽ ഓവർ ആയി തുടരുന്ന മേൽ പ്രൊജക്ടിൽ 5 ഗുണഭോക്താക്കൾക്ക് സബ്സിഡി തുക വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കളിൽ സന്തോഷ് പി, ബീന പി എന്നീ ഗുണഭോക്താക്കൾക്ക് സബ്സിഡി തുക അനുവദിച്ചതിൽ അപാകമുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

1.സബ്സിഡി മാർഗരേഖ സ.ഉ(കൈ)22/18/തസ്വഭവ തി:14.2.18 ഖ:4.1 പ്രകാരം പോളിത്തീൻ ഷീറ്റും അനുബന്ധസാമഗ്രികളും വാങ്ങുന്നതിന് 15,200 രൂപയാണ് പരമാവധി സബ്സിഡി തുകയായി അനുവദിക്കാവുന്നത്. ബീന പി.എന്ന ഗുണഭോക്താവ് ലഭ്യമാക്കിയ വൗച്ചറുകൾ പ്രകാരം ₹29,239 യാണ് പോളിത്തീൻ ഷീറ്റ് വാങ്ങുന്നതിനായി നൽകിയിരിക്കുന്നത്(ഇൻവോയ്സ് നം.01-S1-R21343/11.12.20). ആയതിന്റെ 40% ₹11,696 യാണ് അനുവദിക്കേണ്ടത്. എന്നാൽ പരമാവധി സബ്സിഡി തുകയായ ₹15,200 അനുവദിച്ചിട്ടുണ്ട്. ₹3504 അധികം നൽകി.ടിയാരി ഫയലിനൊപ്പം ലഭ്യമാക്കിയ റേഷൻ കാർഡ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ പ്രകാരം ഗുണഭോക്താവ് താമസിക്കുന്നത് പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിലാണ്. മത്സ്യകൃഷി നടത്തുന്നതിനായി പടുതാകുളം നിർമ്മിച്ചിരിക്കുന്നത് കല്യാശ്ശേരി പഞ്ചായത്ത് പരിധിക്കുള്ളിൽ തന്നെയാണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.പാപ്പിനിശ്ശേരി പഞ്ചായത്തിൽ നിന്നും മേൽ ഗുണഭോക്താവിന് ആനുകൂല്യം ഒന്നും ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2.സന്തോഷ് പി എന്ന ഗുണഭോക്താവിന് 2 പടുതാകുളം നിർമ്മിക്കുന്നതിനുള്ള ആനുകൂല്യം പഞ്ചായത്തിൽ നിന്ന് നൽകിയിട്ടുണ്ട്.അതിൽ ഒന്നിന് ₹25,998 യാണ് സബ്സിഡി(LSGD Share) തുകയായി നൽകിയിരിക്കുന്നത്.ഗുണഭോക്താവ് ലഭ്യമാക്കിയ വൗച്ചറുകൾ പ്രകാരം ₹33,117 യാണ് പോളിത്തീൻ ഷീറ്റ് വാങ്ങുന്നതിനായി നൽകിയിരിക്കുന്നത്(ഇൻവോയ്സ് നം.01-S1-R25538/17.3.21). ആയതിന്റെ 40% ₹13,247 യാണ് അനുവദിക്കേണ്ടത്. എന്നാൽ പരമാവധി സബ്സിഡി തുകയായ ₹15,200 അനുവദിച്ചിട്ടുണ്ട്. ₹1953 അധികം നൽകി.

3.സബ്സിഡി മാർഗരേഖ സ.ഉ(കൈ)22/18/തസ്വഭവ തി:14.2.18 ഖ:4.1 പരാമർശിച്ചിരിക്കുന്ന അളവുകളിൽ തന്നെയാണോ കുളം നിർമ്മിച്ചിരിക്കുന്നതെന്ന് വ്യക്തമല്ല.

4.ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല.

5.പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം കിട്ടിയ ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6.മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക്(26/15.12.22) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി ഇനത്തിൽ അധികം അനുവദിച്ച ₹5457-യുടെ ചെലവ് അംഗീകരിക്കുന്നില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 13.12.22 | കെ.എസ്.എ/കെ.എൻ.ആർ/സി.16 /1752/2022 തീയതി: 17.03.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കല്ല്യാശേരി ബ്ലോക്ക് | 2021-22 | 671850 | ലൈഫ് മിഷൻ ഭവന നിർമ്മാണം,പട്ടികജാതി-2/22 | 671850 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | 561000 | നെൽക്കൃഷിക്ക് വിത്തും കൂലിച്ചെലവ് സബ്സിഡിയും, 38/22 | 561000 | 0 |
| | | 100000 | ക്ഷീരകർഷകർക്ക് പാലിന് അധിക വിഹിതം നല്കൽ, 57/22 | 100000 | 0 |
| | | 278295 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്,144/22 | 278295 | 0 |
| | | 350000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്,63/22 | 350000 | 0 |
| | മുൻവർഷത്തെ നീക്കിയിരിപ്പ് | 1600000 | ലൈഫ് മിഷൻ ഭവന നിർമ്മാണം, ജനറൽ-1/22 | 1600000 | 0 |
| | ആകെ | 3561145 | | 3561145 | |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2021-22 | 55000 | ക്ഷീരകർഷകർക്ക് പാലിന് അധിക വിഹിതം നല്കൽ, 57/22 | 55000 | 0 |
| | | 343925 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്, 63/22 | 343925 | 0 |
| | | 24660 | പാലിയേറ്റീവ് കെയർ , 73/22 | 24660 | 0 |
| | | 72344 | സുഭിക്ഷ കേരളം - വീട്ടുവളപ്പിൽ മത്സ്യക്കൃഷി പട്ടുതാക്കുളം, 238/22 | 72344 | 0 |
| | | 1143919 | ഇരണാവ് വയോജന വ്യായാമ കേന്ദ്രം പൂർത്തീകരണം,159/22 | 1143919 | 0 |
| | മുൻവർഷത്തെ നീക്കിയിരിപ്പ് | 702045 | വയോജന വ്യായാമ കേന്ദ്രം നിർമ്മാണം, 151/22 | 702045 | 0 |
| | ആകെ | 2341893 | | 2341893 | |

ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മുൻവർഷം ലഭിച്ച 10ലക്ഷം രൂപ നാളിതുവരെ ഉപയോഗിച്ചിട്ടില്ല.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബിഇലക്ട്രിക്കൽ സെക്ഷൻ , | ലൈൻ ഷിഫ്റ്റിംഗ് | ലഭ്യമല്ല | 39610 | 39610 | 0 |

| | | | | | |
|---|---|---|---|---|---|
| ധർമ്മശാല | | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ ലോൺ- കെയുആർ ഡി എഫ് സി- ലൈഫ് ഭവന നിർമ്മാണ പദ്ധതി | ലഭ്യമല്ല | 18,54,570 | 1209237 | 322667 | | 886570 |

## 4-6 സ്ഥിര നിക്ഷേപം

സ്ഥിര നിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5021000 |
| തൻവർഷം നിക്ഷേപിച്ച തുക | 10362500 |
| ആകെ | 15383500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 15383500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | കണ്ണൂർ ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ് മെമ്പർ നമ്പർ 79, സർട്ടിഫിക്കറ്റ് നമ്പർ 379- ഡി ക്ലാസ് ഷെയർ | 8.10.1980 | .. | 1000 |
| 2 | മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേറ്റീവ് ലിമിറ്റഡ് ,മെമ്പർ | 28.12.2004 | .. | ₹20000 |

| | | | | |
|---|---|---|---|---|
| | നമ്പർ -59 , സർട്ടിഫിക്കറ്റ് നമ്പർ-211-ബി ക്ലാസ് ഷെയറുകൾ - രണ്ടെണ്ണം | | | |
| 3 | പാപ്പിനിശ്ശേരി കോപ്പറേറ്റീവ് റൂറൽ ബാങ്ക്<br>എഫ്.ഡി.നമ്പർ0202011720229/ 21.08.2019 | 21.08.2021 | 1 വർഷം | ₹5000000 (21.08.2020-ന് നിക്ഷേപിച്ചത്, പലിശ നിരക്ക് 7.25%) 21.08.2021 തീയതിയിൽ പലിശ സഹിതം വീണ്ടും പുതുക്കി. ഡെപ്പോസിറ്റ്തുക 53,62,500രൂപ- പലിശനിരക്ക് 6.75% |
| 4 | പാപ്പിനിശ്ശേരി കോപ്പറേറ്റീവ് റൂറൽ ബാങ്ക് എഫ്.ഡി.നമ്പർ 0202011122921/17.02.22 | 17.02.22 | 12 മാസം | ₹5000000<br>പലിശ നിരക്ക് 7 % |
| 5 | പാപ്പിനിശ്ശേരി കോപ്പറേറ്റീവ് റൂറൽ ബാങ്ക്എഫ്.ഡി നമ്പർ 0202011122920/17.02.22 | 17.02.22 | 12 മാസം | ₹5000000<br>പലിശ നിരക്ക് 7 % |
| ആകെ | | | | ₹15383500 |

വാർഷിക ധനകാര്യ പത്രികയിൽ ക്രമനമ്പർ 3 പലിശ ഉൾപ്പെടുത്താതെയാണ് ചേർത്തത്.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 10429രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2008-09 | 3-2 | 786 | സെക്രട്ടറി | 1210101926/26.08.21 |
| 2010-11,11-12 | 3-14 | 2940 | ശ്രീ.കെ.വി.കരുണാകരൻ | 1210104125/5.11.21 |
| 2010-11,11-12 | 3-14 | 228 | ശ്രീ.സുമേഷ്.കെ | 1210102067/01.09.21 |
| 2010-11,11-12 | 2-2(7) | 50 | ശ്രീമതി.ശാന്ത | 1210101924/26.08.21 |
| 2012-13 | 2-4 | 950 | ശ്രീ.ഷാജി പ്രശാന്ത് | 1210101925/26.08.21 |
| 2018-19 | 1-20(എ) | 5475 | ശ്രീ. രവീന്ദ്രൻ വി കെ | 1210102068/01.09.21 |
| | ആകെ | ₹10429 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | വിഷയാധിഷ്ഠിത അവലോകനം | 2009-10 | 2-3 | ഗ്രാമസഭയിൽ ജനപങ്കാളിത്തം | നിയമ സഭാസമിതിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | ഉറപ്പ് വരുത്തുന്നില്ല | പരിഗണനയിൽ |
| 2006-07 | ഭാഗം-1 പൊതു അവലോകനം വികസനഫണ്ട് | 2009-10 | 2-5 | വികസന ഫണ്ട് വിനിയോഗം | നിയമ സഭാസമിതിയുടെ പരിഗണനയിൽ |
| 2014-15 | 2-1, 2-2 | 2016-17 | 2 | തൊഴിൽ നികുതി | നിയമ സഭാസമിതിയുടെ പരിഗണനയിൽ |
| 2016-17 | 2-3 | 2017-18 | 1-13.1 | പഴയ കെട്ടിടത്തിന്റെ മറവിൽ ഓഡിറ്റോറിയം നിർമ്മാണം | തുടരുന്നു. |
| 2019-20 | 1-22 | 2020-21 | അനുബന്ധം-2 | മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളിലെ ഓഡിറ്റ് കണ്ടെത്തലുകൾ | |

## 4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 10,78,62,232 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 10,00,82,773 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹5457 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹13,49,256 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1- 27 | 5457 | ശ്രീ.രാജേഷ്.ടി.ആർ., സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| ആകെ | ₹5457 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1- 17 | 2,70,000 | ശ്രീമതി.രമ.എം.എം, സെക്രട്ടറി |
| 1- 24 | 4,00,000 | ഡോ.മുഹമ്മദ് മുസ്തഫ,മെഡിക്കൽ ഓഫീസർ,ആയുർവേദം |
| 1- 26 | 3,74,575 | ശ്രീ പ്രതാപ് കേശവൻ, ഹെഡ്മാസ്റ്റർ, ജിഎൽപിഎസ് കല്ല്യാശേരി |
| 1- 29 | 40,000 | ഡോ.ഭാവന രമേഷ്, മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |
| 1- 31 | 2,20,500 | ഡോ.ഭാവന രമേഷ്, മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |
| 1- 32 | 40,000 | ഡോ.ഭാവന രമേഷ്, മെഡിക്കൽ ഓഫീസർ,എഫ് എച്ച് സി |

| | | |
|---|---|---|
| 1- 33 | 4,181 | ഡോ.ഭാവന രമേഷ്, മെഡിക്കൽ ഓഫീസർ,എഫ് എച്ച് സി |
| ആകെ തുക | ₹13,49,256 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാജേഷ്. ടി.ആർ., സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ഫിഷറീസ്എക്സ്റ്റൻഷൻ ഓഫീസർ, മത്സ്യഭവൻ കണ്ണൂർ | ഫ്ലാറ്റ് നമ്പർ 1എ, ഗാലക്സി അപ്പാർട്ട് മെന്റ്, എല്ലിസിയം കോർട്ട്, കോഴിക്കോട് -673001 |
| ശ്രീമതി.രമ.എം.എം , സെക്രട്ടറി,കല്യാശേരി ഗ്രാമപഞ്ചായത്ത് | സെക്രട്ടറി, കല്യാശേരി ഗ്രാമപഞ്ചായത്ത് | അനയ് നിവാസ്, മുക്കുന്ന്, കുപ്പം പി ഒ |
| ഡോ.ഭാവന രമേഷ്, മെഡിക്കൽ ഓഫീസർ,എഫ് എച്ച് സി | അവധിയിൽ | സചനം, കുവോട്, കുറ്റിക്കോൽ(പിഒ),തളിപ്പറമ്പ |
| ഡോ.മുഹമ്മദ് മുസ്തഫ, മെഡിക്കൽ ഓഫീസർ,ആയുർവേദം | ഗവ.ആയുർവേദ ആശുപത്രി, വടകര | മേലേകുന്നമ്മൽ ഹൗസ്, പി.ഒ. മായനാട്, കോഴിക്കോട് |
| ശ്രീ. പ്രതാപ് കേശവൻ ഹെഡ്മാസ്റ്റർ,ജിഎൽപിഎസ് കല്ല്യാശേരി | ലഭ്യമല്ല | മംഗലം നീലമന, കാളീശ്വരം,(പി ഒ) കാങ്കോൽ,പയ്യന്നൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെ എസ് എ /കെഎൻആർ/സി16/1255 /2022/03.09.22 | 1 |
| 2006-07 | കെ എസ് എ /കെഎൻആർ/സി16/1255 /2022/03.09.22 | 1 |
| 2010-11,11-12 | കെ എസ് എ /കെഎൻആർ/സി16/1255 /2022/03.09.22 | 2 |
| 2013-14,14-15 | കെ എസ് എ /കെഎൻആർ/സി16/1255 /2022/03.09.22 | 1 |
| 2017-18 | കെ എസ് എ /കെഎൻആർ/സി16/1255 /2022/03.09.22 | 2 |

| | | |
|---|---|---|
| 2019-20 | കെ എസ് എ /കെഎൻആർ/സി.16 /1069/2021/16.07.2022 | 13 |
| 2020-21 | കെ എസ് എ /കെഎൻആർ/സി16/903 /2022/29.03.22 | 25 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം3

## ധനകാര്യ പത്രികകൾ

1.റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| Kalliassery Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 13811253.11 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2094420.00 |
| 140000000 | Fees & User Charges | RP-4 | 1369762.00 |
| 150000000 | Sale & Hire Charges | RP-5 | 994374.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 52786191.00 |
| 171000000 | Interest Earned | RP-9 | 114019.00 |
| 190000000 | Prior Period Income | RP-11 | 1702.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 301835.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 11585218.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 23529612.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 14107201.00 |
| 340000000 | Deposits Received | RP-33 | 149899.00 |
| 350000000 | Other Liabilities | RP-35 | 827999.00 |
| | Grand total | | 121673485.11 |

| | | | |
|---|---|---|---|
| | PAYMENTS | | |
| | Operating | | |
| 250000000 | Decentralised Plan Programme- Productive Sector | RP-16 | 9895004.00 |
| 251000000 | Decentralised Plan Programme- Service Sector | RP-17 | 15955611.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-18 | 5772863.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 52780.00 |
| 412000000 | Capital Work In Progress | RP-39 | 1963452.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 2525261.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 12113988.00 |
| 460000000 | Loans, Advances and Deposits | RP-49 | 673612.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 303136.00 |
| 350000000 | Other Liabilities | RP-35 | 50827066.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 21590712.11 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 121673485.11 |

2.ഇൻകം & എക്സ് പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Kalliassery Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 8235309.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |

| | | | |
|---|---|---|---|
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 251556.00 |
| 140000000 | Fee & User Charges | I-4 | 1691660.00 |
| 150000000 | Sale & Hire Charges | I-5 | 994724.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 166412979.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 114019.00 |
| 180000000 | Other Income | I-9 | 14107201.00 |
| 190000000 | Prior Period Income | I-19 | -55214.00 |
| | Total Income | | 191807448.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 13604838.00 |
| 220000000 | Administrative Expenses | I-11 | 1517248.00 |
| 230000000 | Operations & Maintenance | I-12 | 1835381.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8155094.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 34847453.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 11277361.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 0.0 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 87392828.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 15744531.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |

| | | | |
|---|---|---|---|
| 270000000 | Provisions and Write off | I-16 | 63825.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 10998952.00 |
| | Total Expenditure | | 185438160.00 |
| | Gross Surplus / Deficit of income over Expenditure | | -6369288.00 |
| | Gross Surplus / Deficit of income over Expenditure | | -6150667.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -273835.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 218621.00 |

3.ബാലൻസ് ഷീറ്റ്

| Kalliassery Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 55748635.11 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 1334.00 |
| 312000000 | Reserves | B-3 | 38937076.00 |
| | Total Reserve & Surplus | | 94687045.11 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 13258688.00 |
| | Total Grants, Contributions for Specific Purposes | | 13258688.00 |

| | | | |
|---|---|---|---|
| | Loans | | |
| 330000000 | Secured Loans | B-5 | 886570.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 886570.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1883019.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1791714.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 3674733.00 |
| | TOTAL LIABILITIES | | 112507036.11 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 3054213.00 |
| 412000000 | Capital Work in Progress | B-11(b) | 155619.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 2967145.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 12232997.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 87022723.00 |
| 416000000 | Accumulated Depreciation | B-11(a) | -45107188.00 |
| | Total Fixed Assets | | 60325509.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 15021000.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 15021000.00 |

| | | | |
|---|---|---|---|
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 12102715.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 21590712.11 |
| 460000000 | Loans, Advances and Deposits | B-18 | 3467100.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 37160527.11 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 112507036.11 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ